മാവേലിത്തമ്പുരാനെ എതിരേൽക്കാനായി പൊന്നോണപ്പൂലരി താലപ്പൊലിയുമേന്തി സഹ്യന്റെ പടിക്കെട്ടുകൾ വഴി ഇറങ്ങിവന്നു. കേരളം പാടേ മാറി ഒരു പുതിയ കേരളം ആയി. ആകാതിരിക്കുന്നതെങ്ങിനെ? സകല മനുഷ്യരും ഒന്നുപോലെ ഉണ്ടും ഉറങ്ങിയും പ്രവർത്തിച്ചും കഴിഞ്ഞുപോന്ന ഒരു സമത്വസുന്ദരമായ രാജ്യം കെട്ടിപ്പടുത്ത മഹാപുരുഷനല്ലേ എഴുന്നള്ളുന്നത്? ആ എഴുന്നള്ളത്തിന്റെ മാറ്റും മഹത്വവും അറിഞ്ഞു വേണ്ടേ നമുക്കു നിൽക്കാൻ. കള്ളവും കരിഞ്ചന്തയും, ചതിവും ഇല്ലാത്ത ഒരു വ്യവസ്ഥിതിയുടെ ഉപജ്ഞാതാവും ഭരണ കർത്താവുമായിരുന്ന മനുഷ്യസ്നേഹി വീണ്ടും വരുമ്പോൾ നമ്മുടെ ഇന്നത്തെ പൊള്ളത്തരം പൊളിച്ചുകാട്ടുന്നത് അഭിമാനക്ഷതമല്ലേ? അന്തസ്സിനും അഭിമാനത്തിനും വേണ്ടി അങ്കം വെട്ടിയവരല്ലേ മലനാട്ടിലെ ആൺപിറവിയും പെൺപിറവിയും?—അതുകൊണ്ടാണ്—

അതെ! അതുകൊണ്ടാണ് പുഴുക്കുത്തു വീണ ഉഴക്കു നെല്ല് പൂട്ടില്ലാത്ത പത്തായത്തിൽ വാരിയിട്ടത്. മനുഷ്യത്വം മഞ്ഞളിച്ചുതുടങ്ങിയതുകൊണ്ട് ധരിക്കുന്ന വസ്ത്രങ്ങളേതായാലും അവ മഞ്ഞമുണ്ടായി മാറി. വാടിക്കരിഞ്ഞ പൂക്കൾ, അവയെക്കാൾ വാടിത്തളർന്ന കുട്ടികൾ ചേറും ചെളിയും നിറഞ്ഞ മുറ്റത്തു കൊണ്ടിട്ട് അവർ തുമ്പി തുള്ളുന്നതു തന്നത്താൻ തുള്ളിക്കൊണ്ടാണ്. കരളു കാർന്നു തിന്നുന്ന വിശപ്പ് അവരെ

അടിമുടി വിറപ്പിക്കുന്നു. നെടുവീർപ്പിൻെറ ശക്തികൊണ്ടാണിന്നത്തെ ഊഞ്ഞാലുകൾ ഉയർന്നു പൊങ്ങുന്നത്.

എങ്കിലും എല്ലാപേരും ഒരേ സ്വരത്തിൽ, ഒരേ ശ്രുതിയിൽ പാടി:

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ..."

ആ കാലം പോയി. മാവേലിയുടെ മലയാളം മൺമറഞ്ഞു. ആകാരം കുറവായിരുന്നെങ്കിലും അധികാരം കൂടുതലായിരുന്ന പൗരോഹിത്യ മേൽക്കോയ്മ അദ്ദേഹത്തെ ചവുട്ടിത്താഴ്ത്തി. പക്ഷെ ഒരു സത്യം ലോകത്തു ശേഷിച്ചു. മനുഷ്യർ എല്ലാവരും ഒരു കാലത്ത് ഒരുപോലെ കഴിഞ്ഞിരുന്നുവെന്ന്. ആ സത്യത്തിൻെറ ദീപ്തി ദിഗന്തങ്ങളിൽ വ്യാപിച്ചു. മലനാട്ടിൽ മാത്രമല്ല മറുനാട്ടിലുള്ള മനുഷ്യരും ആർത്തിയോടും ആവേശത്തോടും ചോദിച്ചു—

"മാവേലിക്കാലം എന്നു വരും?"

ആ ചോദ്യം ലക്ഷക്കണക്കിന്, കോടിക്കണക്കിനുയർന്നുയർന്ന് ഒരുഗ്രമായ ഒററ ചോദ്യമായി. അതിഭീമമായി. ആകാശം മുട്ടിനിന്ന ആ ചോദ്യചിഹ്നത്തിൻെറ പത്തിയുടെ താഴെ ചരാചരങ്ങൾ മൂകമായി; ജീവിതം സ്തംഭിച്ചു നിന്നു;

അമ്പരപ്പിക്കുന്ന ഒരു ഭീകര നിശ്ശബ്ദത.

"വരും..."

ദൃഢമായ ഒരു സ്വരം.

ലോകം ഞെട്ടി മൂർച്ഛയിൽ നിന്നുണർന്നു. ഒരു താടിക്കാരൻെറ ശബ്ദമായിരുന്നു അത്. ആ അമാനുഷപ്രഭാവൻ വീണ്ടും ഉറപ്പിച്ചു പറഞ്ഞു.

"വരും!—മാവേലിക്കാലം വീണ്ടും വരും."

കാറൽമാർക്സായിരുന്നു അദ്ദേഹം. ആ പ്രവാചകൻെറ പ്രവചനം ശോകമൂകമായിക്കറങ്ങി നീങ്ങിക്കൊണ്ടിരുന്ന ലോകത്തിന് ഒരു പുതിയ പ്രചോദനം നൽകി. വിറകുവെട്ടുന്നവൻ, അവൻെറ വിയർപ്പുതുള്ളികൾ വെൺമുത്തുകളാണെന്ന് അന്ന് ആദ്യമായി അറിഞ്ഞു. കലപ്പ പിടിക്കുന്നവൻ, അവൻെറ ഉള്ളംകയ്യിൽ കണ്ട തഴമ്പ്, അവൻേറതായിത്തീരാൻ പോകുന്ന ഒരു സാമ്രാജ്യത്തിൻെറ സുവ്യക്തചിത്രമാണെന്നു മനസ്സിലാക്കി. വെള്ളം കോരുന്നവൻ, അവൻ കോരുന്ന ഓരോ കുടം വെള്ളവും, ആസന്നഭാവിയിൽ അസമത്വങ്ങളുടെ അണക്കെട്ടുകൾ തട്ടിനിരത്തി മണ്ണോടു ചേർക്കാൻ ശക്തിയുള്ള പ്രളയജലമാണെന്നു വിശ്വസിച്ചു.

എങ്ങും ഒരു പുതിയ വിശ്വാസം.

ഒരു പുതിയ പ്രതീക്ഷ.

മാവേലിക്കാലം അതല്ലാതായിത്തീർന്നതെങ്ങനെയെന്നും, അക്കാലം വീണ്ടും കരുപ്പിടിപ്പിച്ചെടുക്കേണ്ടതെങ്ങിനെയെന്നും മാർക്സ് മനനം ചെയ്തു തീരുമാനിച്ചു. എന്നിട്ടദ്ദേഹം പറഞ്ഞു—

"ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതിയെ ഗർഭം ധരിച്ചു നിൽക്കുന്ന ഇന്നത്തെ വ്യവസ്ഥിതിയുടെ സൂതികർമ്മിണിയാണ് ബലപ്രയോഗം."

ഈ വാക്കുകൾ ഒരു സിദ്ധാന്തമായി—ഒരു ശാസ്ത്രമായി. ആ ശാസ്ത്രം ആയിരക്കണക്കിനു ഗവേഷകന്മാരേയും നിരീക്ഷകന്മാരേയും പരീക്ഷകന്മാരേയും ആകർഷിച്ചു.

തലച്ചോറുകൾ ഒന്നിനു പുറകെ ഒന്നായി ഒരേ കേന്ദ്രത്തിലുന്നംവെച്ചു. ആ ശക്തികേന്ദ്രത്തിൽ നിന്നും ഒരുഗ്രമായ ശബ്ദം പൊങ്ങി.

"വിപ്ലവം."

ഫ്രാൻസിലെ വൻ കോട്ടകളിലും സൈബീരിയായിലെ മണൽക്കുന്നുകളിലും ആ ശബ്ദം ചെന്നു് അലയടിച്ചപ്പോൾ അതിങ്ങനെ പ്രതിധ്വനിച്ചു.

"രക്തരൂഷിതമായ വിപ്ലവം"

അതു നടന്നു.

കിരീടങ്ങൾ കടലിലേയ്ക്കു തെറിച്ചു, ചെങ്കോലുകൾ തകർന്നു തരിപ്പണമായി. അങ്കിയും അരവാളും അലങ്കാരക്കച്ചയും വെറും കാഴ്ചവസ്തുക്കളായി മാറി.

പക്ഷെ—

അതോടൊന്നിച്ചു് തലകളും അററുതെറിച്ചു. കൈകാലുകൾ വേർപെട്ടു. രക്തനദികൾ ഒഴുകി. തീരപ്രദേശങ്ങൾ ചെമ്മണ്ണായി. കലപ്പ താഴുന്നിടം ശവക്കുഴികളായി... വയലുകൾക്കു മുകളിൽ പകലന്തിയോളം കഴുകൻ വട്ടം ചുററി.

എങ്ങും ദുർഗ്ഗന്ധം— ചീഞ്ഞളിയുന്ന മനുഷ്യമാംസത്തിൻെറ മനം മരവിപ്പിക്കുന്ന ദുർഗ്ഗന്ധം.

വീണ്ടും ശോകമൂകമായ ഒരു സ്തംഭനാവസ്ഥ.

"ആരും ആരേയും കൊല്ലാതിരുന്നെങ്കിൽ!"–

ചോരയുടെ മൂക്കുതുളയ്ക്കുന്ന മണമേററു മടുത്ത മനുഷ്യർ തന്നത്താൻ വിളിച്ചുപറഞ്ഞു. അവർ പ്രകാശത്തിനായി കിഴക്കോട്ടു നോക്കി—ഒരു വൃദ്ധൻ നിൽക്കുന്നു നീണ്ട ഒരു മുളവടിയുമായി, അർദ്ധനഗ്നനായ ഒരു ദരിദ്രനാരായണൻ, അദ്ദേഹം ഒരു പുതിയ ആയുധത്തിൻെറ പേരു വെളിപ്പെടുത്തി.

"അക്രമരാഹിത്യം."

ചിലർ പരിഹസിച്ചു, ചിലർ പൊട്ടിച്ചിരിച്ചു. ചുരുക്കം ചിലർ പരീക്ഷിച്ചു. ആ പരീക്ഷണം ഒരു വമ്പിച്ച വിജയമായിരുന്നു. അതുപോലൊരു വിജയം അന്നുവരെ ലോകം കണ്ടിരുന്നില്ല.

കോടിക്കണക്കിനു ജനങ്ങൾ കൂപ്പുകൈകളോടെ അദ്ദേഹത്തെ വാഴ്ത്തി.

"മഹാത്മാവു്." എന്നു്;

കപിലാവാസ്തുവിൽ കതിരിട്ടു്, ബോധിവൃക്ഷത്തിൽ മൊട്ടിട്ടു്, കലിംഗത്തിലെ കൽത്തൂണുകളിൽ പൂവിട്ടു വികസിച്ച അഹിംസാമന്ത്രത്തെ ഉരുക്കഴിച്ചു് സിദ്ധിവരുത്താൻ സിദ്ധരിൽ സിദ്ധനായ ആ ഫക്കീർ ആഹ്വാനം ചെയ്തു. ഗൗരീശങ്കരത്തിലും കന്യാകുമാരിയിലും ആ ആഹ്വാനംചെന്നു് അലയടിച്ചാലക്തികതരംഗങ്ങൾ സൃഷ്ടിച്ചു

ആ തരംഗമാല ഒരു മാറാലയെ മാററി—മേൽക്കോയ്മയുടെ മാററാനാവാത്തതാണെന്നു് വിശ്വസിച്ചിരുന്ന മാറാല. കാരാഗൃഹകവാടങ്ങൾ തുറന്നു. കൈവിലങ്ങുകൾ പൊട്ടിത്തെറിച്ചു. കറുത്ത മനുഷ്യർ കൈയ്യകത്തൊതുങ്ങുന്ന വർഗ്ഗമല്ലെന്നു് വെളുത്ത മനുഷ്യർ അസന്നിഗ്ദ്ധമായി മനസ്സിലാക്കി. കപ്പലിൽ വന്നിറങ്ങിയവർ കപ്പലിൽത്തന്നെ യാത്രയായി. സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിലെ സൂര്യൻ അങ്ങിനെ 1947 ആഗസ്റ്റ് 15-നു് അസ്തമിച്ചു.

ഭാരതം സ്വതന്ത്രമായി.

"സ്വാതന്ത്ര്യമാണു് സചേതനമോ അചേതനമോ ആയ പ്രകൃതിയുടെയെല്ലാം അറിഞ്ഞോ അറിയാതെയോ ഉള്ള ലക്ഷ്യം. എല്ലാവസ്തുക്കളും ആ ലക്ഷ്യത്തിലേയ്ക്കു് പോരാടുകയാണു്."

ഹിന്ദുസ്ഥാനിലെ ചൈതന്യ സ്ഫുരണമായ വിവേകാനന്ദൻ വ്യക്തമായി പറഞ്ഞു.

"ഭാരതം വിദേശമേധാവിത്വത്തിൽ നിന്നും മുക്തിനേടി. എങ്കിലും അതു മാത്രമല്ല സ്വാതന്ത്ര്യം. സ്വാതന്ത്ര്യം അതിന്റെ പരിപൂർണ്ണ പരിശുദ്ധാവസ്ഥയിൽ ലബ്ധമാകണമെങ്കിൽ നമുക്കിനിയും പോരാടേണ്ടിയിരിക്കുന്നു.

ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തെ മർദ്ദിക്കാതിരിക്കുമ്പോൾ—അദ്ധ്വാനിക്കുന്നവനു് അവന്റെ ജീവിതം ഒരു മലച്ചുമടായി തോന്നാതിരിക്കുമ്പോൾ മാത്രമെ സ്വാതന്ത്ര്യം ലഭിച്ചുവെന്നു് നമുക്കു് പറയാനൊക്കൂ.

ആ സ്വാതന്ത്ര്യലബ്ധിക്കുള്ള മാർഗ്ഗങ്ങൾ ഓരോന്നോരോന്നായി മഹാത്മജി നമ്മോടുപദേശിച്ചു. ആ ഉപദേശോപനിഷത്തിലെ പ്രഥമവും പ്രധാനവുമായ സർഗ്ഗം ഇതാണു്.

"ഗ്രാമങ്ങളിലേയ്ക്കു് മാവേലിക്കാലം വരുത്തുക."

എങ്ങിനെ?

"കുടുംബഭാവനയുടെ സീമ ഗ്രാമംവരെ വളർത്തിയാൽ മാത്രം മതി."

അതാണു് രാഷ്ട്രപിതാവു് വിഭാവനചെയ്തു കരടറ്റ ഗ്രാമസ്വരാജ്. ആ ഗ്രാമസ്വരാജിൽ മാത്രമെ മാവേലിക്കാലം യുഗങ്ങൾക്കുശേഷം ഉദയം ചെയ്യുകയുള്ളൂ.

അങ്ങിനെ, മനുഷ്യരെല്ലാം ഒരുപോലെ കഴിഞ്ഞിരുന്ന ഒരു സമത്വസുന്ദരമായ വ്യവസ്ഥിതി കെട്ടിപ്പടുത്ത മാവേലിയും, ആ വ്യവസ്ഥിതി വീണ്ടെടുക്കാൻ ആഹ്വാനം നൽകിയ മാർക്സും, അതിനുവേണ്ടി ഭാരതീയർ കൈക്കൊള്ളേണ്ടുന്ന കർമ്മകാണ്ഡം വിരചിച്ച മഹാത്മജിയും ഒന്നാണു്. സത്യത്തിലും സത്തയിലും ഒന്നാണു്—ഒരേ ചൈതന്യമാണു്.

ആ ദിവ്യചൈതന്യത്തിനു മുമ്പിൽ നമുക്കു് നമ്മുടെ ശക്തിയും ബുദ്ധിയും ഓണക്കാഴ്ചയായി അടിയറവെയ്ക്കാം.


## ആശംസകൾ

## വി. ടി. രാജൻ പ്രൈവറ്റ് ലിമിറ്റഡ്

ആകർഷണീയമായ സാരികൾ മനസ്സിനിണങ്ങിയ നിറങ്ങളിലും ഡിസൈനുകളിലും വാങ്ങുന്നതിനു ഞങ്ങളെ സമീപിക്കുക.
എല്ലാവിധ റെഡിമെയ്ഡ് ഡ്രസ്സുകളും ബ്ലൗസ് പീസ്, സ്യൂട്ടിംഗിനുള്ള തുണികൾ, കാസ്മറ്റിക്സ്, കാസറ്റ്ടേപ്പ് മുതലായവയും ന്യായമായ വിലക്കു വിറ്റു വരുന്നു.

**V. T. RAJAN PTE LTD**

**14, BUFFALO ROAD, SINGAPORE 0821**

**TEL: 3375185, 3389375**

# ജെനെയുടെ—ബാൽക്കണി

—പ്രൊഫ: കെ. എം. തരകൻ—

[സാഹിത്യ ചരിത്രകാരൻ, നിരൂപകൻ എന്നീ നിലകളിൽപ്രസിദ്ധ നാണ് ലേഖകൻ. നാടകത്തെക്കുറിച്ചുള്ള പ്രൗഢമായൊരു ലേഖന ഭാഗമാണ് ഇവിടെ ചേർക്കുന്നത്. ശ്രീ തരകൻ ഇപ്പോൾ മ:മനോരമ ആഴ്ചപ്പതിപ്പിന്റെ പ്രധാന പത്രാധിപരായി പ്രവർത്തിക്കുന്നു.]

പ: സമിതി

ആധുനിക നാടക ലോകത്തിലെ ത്രിമൂർത്തികളിൽ ഒരാളാണ് ജീൻ ജെനെ. അദ്ദേഹം തന്നെക്കുറിച്ചെഴുതിയ വാക്കുകൾ ശ്രദ്ധിക്കുക. "1910 ഡിസമ്പർ 19-ാംനു ഞാൻ പാരീസിൽ ജനിച്ചു. സർക്കാർ നടത്തിയ അനാഥ മന്ദിരത്തിലാണ് കുറെ ക്കാലം ഞാൻ വളർന്നതു്. അതുകൊണ്ട് എന്റെ കുടുംബത്തെപ്പററിയും മററും എനി ക്കു് ഒന്നും തന്നെ അറിയുവാൻ കഴിഞ്ഞിട്ടില്ല. ഇരുപത്തൊന്നു വയസ്സായപ്പോൾ എ നിക്കു് ജനന സർട്ടിഫിക്കററു് ലഭിച്ചു. എന്റെ അമ്മയുടെ പേരു ഗബ്രിയേല്ലി ജെ നെയെന്നാണ്. എന്റെ അച്ഛനാരാണെന്നുള്ളതു് ഇന്നും രഹസ്യമാകുന്നു" ബർഗ ണ്ടിയിലെ ഉദാരമതിയായ ഒരു മനുഷ്യൻ ജെനെയെ എടുത്തു വളർത്തി. വളർത്തമ്മ യോടോ വളർത്തച്ഛനോടൊ യാതൊരു തരത്തിലുള്ള കൂറും വൈകാരിക ബന്ധവും ജെനെ പുലർത്തിയില്ല. കുട്ടിക്കാലം മുതലെ അവൻ കളവു ശീലിച്ചു. അവനെ സർ ക്കാർ ദുർഗുണ പരിഹാര പാഠശാലയിലേക്കയച്ചു. അവിടെയുണ്ടായിരുന്ന ചീത്തക്കു ട്ടികളിൽ നിന്നു് കൂടുതൽ ദുശ്ശീലങ്ങൾ സമ്പാദിച്ചു. കളവു നടത്തിയതിനു മാത്രമല്ല സ്വവർഗ്ഗ സംഭോഗം ചെയ്തതിനും ജെനെ പലകുറി തുറുങ്കിലകപ്പെട്ടിരുന്നു. 1956-ൽ ജെനെ, ഇന്നത്തെ നാടക കൃത്തുകളിൽ തന്റെ സ്ഥാനം മുൻ പന്തിയിലാണെന്നു് അ സന്ദിഗ്ദ്ധമായി തെളിയിച്ചു. ദ് ബാൽക്കണിയുടെ രചനയിൽ കൂടി. തുടർന്നു് 1958 ൽ അദ്ദേഹം ദ് ബ്ളാക്ക്സ് എഴുതി. 1961 ൽ ദി സ്ക്രീൻസും. ജെനെയു ടെ നാടകങ്ങളിൽ സഹൃദയ പ്രീതി ഏററവും കൂടുതൽനേടിയെടുത്തവ ദ് മേയ്ഡ്സ് ദ് ബാൽക്കണി എന്നിവയാണ്.

ജെനെയുടെ ജീവിതത്തെപ്പററിക്കൂടി പറഞ്ഞുവച്ചതു് അദ്ദേഹത്തിന്റെ ജീവിത വീക്ഷണത്തിന്റെ സവിശേഷത പ്രകാശിപ്പിക്കുവാനാണ്. നീച്ഷെയാണല്ലോവള രെമുമ്പേ ആവശ്യപ്പെട്ടതു് മൂല്യങ്ങളെ നിർമൂലം മൂല്യാതീത മൂല്യങ്ങളാക്കണമെന്നു്. ഇ ന്നത്തെ മൂല്യങ്ങൾ ജീർണ്ണിച്ചിരിക്കുന്നു. ഇന്നത്തെ ദൈവത്തെപ്പോലെതന്നെ. അഴകി ദ്രവിച്ച മൂല്യങ്ങളെ കുഴിച്ചുമൂടുക, പുതിയ മൂല്യങ്ങളെ ആവശ്യമെങ്കിൽ സൃഷ്ടിക്കുക. ജെനെയുടെ ദൃഢവിശ്വാസം ഇന്നത്തെ നാഗരീകത കപടമാണെന്നും അതിന്റെ മൂല്യ ങ്ങൾ കൃത്രിമങ്ങളും തൻമൂലം അപ്രസക്തങ്ങളുമാണെന്നുമാണ്. ഫ്രോയിഡു നമ്മെ മന സ്സിലാക്കുന്നതുപോലെ നാഗരീയരായ നാം പടുത്തുയർത്തിയിരിക്കുന്നതു് അമർത്തപ്പെട്ട അഭിലാഷങ്ങളുടെയും മോഹങ്ങളുടെയും മീതെയാണ്. നമുക്കൊന്നും ആഗ്രഹിക്കുന്നതു ചെയ്യാൻ കഴിയുന്നില്ല. രഹസ്യമായി എന്തെല്ലാം ജന്മവാസനകളെ തർപ്പണം ചെയ്യു വാൻ ആഗ്രഹിക്കുന്നു. ഇതു നമുക്കു കഴിയുന്നില്ല. അതിനാൽ നമ്മുടെ ജീവിതം തന്നെ അയഥാർത്ഥമായി തീർന്നിരിക്കുന്നു. അതൊരു വശം. മറുവശത്തു നമ്മുടെ നാഗരീകത നമ്മിൽ പുതിയ മോഹങ്ങൾ ഉളവാക്കിയിരിക്കുന്നു. ഇവയിൽ ഏററവും ശക്തം അധി

കാര മോഹം തന്നെ. നമുക്കെല്ലാം നാമായിരിക്കുന്നതിനുപരി മററു പലതുമാവാൻ മോഹമുണ്ട്. മോഹം സഫലമാകുന്നില്ലെന്നേയുള്ളൂ. അതിനാൽ നാം സ്വപ്നത്തിലേക്കു പിൻവലിയുന്നു. സ്വപ്ന ദർശികളായി തീരുന്നു. സ്വപ്ന ലോകത്തു നിവസിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം ഏതു ലോകമാണ് യഥാർത്ഥം? നാം നയിക്കുന്ന ബാഹ്യ ജീവിതത്തിൻെറ ലോകമോ അതോ നമ്മുടേതായ ആന്തരിക ജീവിതത്തിൻെറ ലോകമോ? നമ്മെ സംബന്ധിച്ചിടത്തോളം ക്രിയകളുടെ ബാഹ്യമണ്ഡലം അയഥാർത്ഥവും സ്വപ്നങ്ങളുടെ അന്തർ മണ്ഡലം യഥാർത്ഥവുമാണെന്ന് സമ്മതിക്കണ്ടേ? സുപ്രധാനമായ് ഒരു ചോദ്യം ഇവിടെ ഉയർത്തേണ്ടിയിരിക്കുന്നു. നാടകം പകർത്തേണ്ടതു് ഏതു ലോകത്തെയാണ്. ബാഹ്യലോകത്തെയാണോ അതോ ആന്തരീക ലോകത്തെയാണോ? സ്വപ്ന യാഥാർത്ഥ്യങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്നു. കൂടിക്കലരുന്നു. തൽഫലമായി മാനസിക മണ്ഡലം സംഭ്രാന്തമായെന്നു വരാം. നാടകം പകർത്തേണ്ടതു മനസ്സിൻെറ ഏതു മണ്ഡലത്തെയാണ്? സുബോധത്തെയോ ഉപബോധത്തെയോ? ആകട്ടെ ഈ ലോകത്തിൻെറ മൂല വ്യവസ്ഥയേതാണ്. അംഗീകൃത സദാചാരമോ യുക്തിനിഷ്ഠമായ നിയമ സംഹിതയോ, നിയമരഹിതമായ മനസ്സു നിർമ്മിക്കുന്ന താത്കാലിക ബന്ധങ്ങളുടെ ശൃംഖലയോ? ഇതെല്ലാം കൂടി എവിടെ നിന്നാണ് സമീക്ഷിക്കുവാൻ സാധിക്കുന്നതു്—ഒരു വീക്ഷണ കോണുണ്ട്. ഒരു വീക്ഷണ മണ്ഡപമുണ്ട്. അതേതായിരിക്കണം? പുതിയ നാടകം ഈ ചോദ്യങ്ങൾക്കു് ഉത്തരം അന്വേഷിക്കുന്നു.

മുമ്പ് നാടകം വികാരത്തിൻെറ ആവിഷ്കാരമായിരുന്നു. രസമായിരുന്നു നാടകത്തിൻെറ ജീവൻ. എന്താണ് വികാരം? എങ്ങനെയാണതുണ്ടാവുക. രസത്തിൻെറ പ്രഭവസ്ഥാനമേതാണ്. ഇന്നത്തെ മനുഷ്യൻ വികാര ജീവിയല്ല. ഒരു പക്ഷേ അവൻ വികാരരഹിതനാണ്. ഇന്നത്തെ നാടകം വികാരപരമല്ല. കാലം മുന്നോട്ടു നീങ്ങിയപ്പോൾ നാടകം ബൗദ്ധികമായിരുന്നു. ചിന്താപരമായിരുന്നു. എന്തെങ്കിലും ചില ജീവിത പ്രശ്നങ്ങൾ. മൗലികമായ ജീവിത പ്രശ്നങ്ങൾ, അവയെക്കുറിച്ച് അവഗാഢമായി ചിന്തിക്കുവാൻ പ്രേരിപ്പിക്കുകയായിരുന്നു ചില നാടകങ്ങളുടെ ലക്ഷ്യം. ഇന്ന് ചിന്തയ്ക്കു് എന്താണ് പ്രസക്തി. ചിന്ത ആരെയും ഒരിടത്തും എത്തിക്കുന്നില്ല. നാടകം ദർശനമാണോ? ദർശനത്തിൻെറ രൂപകവുമല്ല ഇന്നത്തെ നാടകം. പുതിയ നാടകം വികാരം, ചിന്ത, ദർശനം, എന്നിവയെ ഒന്നും ആധാരമാക്കിയല്ല നിലകൊള്ളുന്നതു്. പുതിയ നാടകകൃത്തു പറയുന്നതു്, പഴയ നാടക കർത്താക്കൾ പകർത്തിയതു് യാഥാർത്ഥ്യത്തെ അല്ലെന്നാണ്. പകർത്തേണ്ടതു് യാഥാർത്ഥ്യത്തെയാണ്. നാടകം യാഥാർത്ഥ്യ ദർശനമാണ്. സ്വന്തം ദർശനത്തെ യാഥാർത്ഥ്യമായി അവതരിപ്പിക്കുന്ന സമ്പ്രദായം പുതിയ സാഹിത്യകാരന്മാർക്കും സ്വീകാര്യമല്ല. നേരിട്ട് അനുഭവിച്ച യാഥാർത്ഥ്യത്തിൻെറ ദർശനത്തെ പകർത്തുക. അയനസ്കോ എഴുതി: "കലാകാരൻ നേരിട്ട് യാഥാർത്ഥ്യത്തെ ഗ്രഹിക്കുന്നു. അതിനാൽ അയാൾ ഒരു ദാർശനികനാകുന്നു. അയാളുടെ യാഥാർത്ഥ്യ ദർശനത്തിൻെറ വിസ്തൃതിയും ആഴവും മൂർച്ചയുമാണ്. അയാളുടെ ചൈതന്യപത്തായ ദർശനമാണ്." നാടകം മനശ്ശാസ്ത്രമല്ല. മററൊരു ശാസ്ത്രവുമല്ല. നാടകം ജീവിത യാഥാർത്ഥ്യവും അതിൻെറ ദർശനവും, ആ ദർശനത്തിൻെറ പ്രതിബിംബനവുമാണ്. നാടകം കലയല്ല, കലാ തന്ത്രമല്ല, ജീവിതമാണ്; നാടകം സത്യമാണ്. ഒരു ദർശനത്തിൻെറ അവതാരമാണ് നാടകം. അതിൻെറ ലക്ഷ്യം മനുഷ്യനെ കണ്ടെത്തുകയെന്നതാണ്. വീണ്ടും കണ്ടുപിടിക്കുകയെന്നതാണ്. അർടോഡ് പറയുന്നതു പോലെ നാടകം മനുഷ്യനെ സ്വപ്നത്തിനും സംഭവത്തിനും മധ്യത്തിൽ അവനുള്ള യഥാ

സ്ഥാനത്തു നിറുത്തുകയാണു്. യഥാർത്ഥ മണ്ഡപത്തിൽ നിർത്തി നാടകം അവനെ സുവിശദമായി വിശകലനം ചെയ്യുന്ന യഥാസ്ഥാനത്തു നിൽക്കുന്ന മനുഷ്യൻ നമ്മുടെ ദൃഷ്ടിയിൽ കേവലം ഭാവനാ സൃഷ്ടിയാണെന്നു തോന്നും. ഈ ഭാവനാ സൃഷ്ടിയെപകർത്തുവാൻ മനശ്ശാസ്ത്രത്തിനോ വിശദീകരണത്തിനോ ചടങ്ങുകൾക്കോ സിദ്ധാന്തങ്ങൾക്കോ അംഗീകൃതമായ മറേറതെങ്കിലും മാധ്യമത്തിനോ സാദ്ധ്യമല്ല. അവകേവലസത്യങ്ങളാവണം. ആധുനിക മനുഷ്യൻെറ കേവല സത്യത്തെ തെരഞ്ഞുപിടിച്ചു് അവതരിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു കൃതിയാണു് ദ് ബാൽക്കണി.


*With the Compliments*
*of*
**INTERNATIONAL AGENCIES**
*Sarees in numerous designs, Shirtings, Suitings*
*and all kinds of Readymade Garments*
126, Blk. 2-A, WOODLANDS CENTRE ROAD,
SINGAPORE 2573. Tel: 2693385
16, JALAN TAMPANG, Sembawang Arcade,
(Near Post Office Savings Bank)
SEMBAWANG, SINGAPORE 2775. Tel: 2571632

വസ്ത്രധാരണം ഒരു കലയാണു്. സൗന്ദര്യത്തിനു മാററുകൂട്ടുവാൻ കലാപരമായി തന്നെ വസ്ത്രധാരണം ചെയ്യണം. നിങ്ങളുടെ സൗന്ദര്യബോധത്തിനൊത്ത മനോഹരമായ തുണിത്തരങ്ങൾ ആദായകരമായ വിലയ്ക്കു് തെരഞ്ഞെടുക്കുന്നതിനു് പററിയ ഇടം.




യാത്രാവിവരണം

# എന്റെ നാടുകാണൽ

## —എൻ. സി. കട്ടേൽ—

പെട്ടെന്നാണ് യാത്ര തീരുമാനിച്ചത്. പ്രായമായിരിക്കുന്ന അച്ഛൻ കിടപ്പാവും മുമ്പ് നല്ല നിലയിൽ ഒരിക്കൽ കൂടി കാണണം. യാത്രയ്ക്കുള്ള ഏർപ്പാടുകളായി. അങ്ങനെ നാലാണ്ടുകൾക്ക് ശേഷം വീണ്ടും കേരളത്തിലേക്ക് തിരിച്ചു. സിംഗപ്പൂർ എയർപ്പോർട്ടിൽ വച്ച് ക്ലാർക്ക് ഓഫ് വർക്ക്സ് ആയിരുന്ന ഭാസ്കരനെ കണ്ടു. സഹയാത്രയ്ക്ക് സുഹൃത്തിനെ കിട്ടിയത് സന്തോഷമായി. വിമാനത്തിൽ തൊട്ടടുത്തിരുന്നത് ഒരു ചെറുക്കനും അവന്റെ തള്ളയുമായിരുന്നു. ഞാൻ തൊടാതെ പാതിവ്രത്യം രക്ഷിക്കാൻ വേണ്ടി പയ്യനെ നടുക്കത്തിരുത്തിയത്. യാത്ര തുടരുമ്പോൾ അവർ രണ്ടും ഉറക്കം തുടങ്ങി. അല്പം ലഹരിയും പത്രവായനയുമായി ഞാൻ കഴിച്ചുകൂട്ടി. ഞങ്ങൾ മദ്രാസിൽ ഇറങ്ങി. മധ്യപ്രായം വരുന്ന ഒരു മലയാളി സ്ത്രീയെ അവരുടെ ഭർത്താവ് ഭാസ്കരനെ ഏല്പിച്ചു വിട്ടിരുന്നു. തയ്ക്കിഴവികളിലും സൗന്ദര്യം വററാത്തവരുണ്ടല്ലോ. ഈ സ്ത്രീയ്ക്ക് രൂപമല്ലാതെ കൂടെ ലാവണ്യം ചേർത്തുപറയാനശേഷമില്ല.

കസ്റ്റംസിൽ നോക്കുമ്പോൾ ഈ സഹയാത്രികയുടെ പെട്ടി കാണാനില്ല. ഭാസ്കരൻ അവരെ വിട്ടെങ്ങനെ വരും. ഞാൻ ഭാസ്കരനെ വിട്ട് എങ്ങനെ പോകും. ഏടത്തിയമ്മയുടെ പെട്ടി ബോംബെ യാത്രക്കാരോടൊപ്പം പോയിരിക്കാമെന്നും, മടങ്ങി വന്നു കിട്ടുമ്പോൾ വീട്ടിൽ എത്തിക്കാമെന്നും എയർ ഇന്ത്യാ പ്രതിനിധി ഉറപ്പു തന്നു. അടുത്തത് കസ്റ്റംസ് പരിശോധനയാണ്. ഞങ്ങൾക്ക് അധികമൊന്നും ഉണ്ടായിരുന്നില്ല. ചുങ്കം അധികാരികൾ വേണ്ടത്ര പരിശോധിച്ചുകൊള്ളട്ടെ. കാത്തിരുന്ന് പിടിയിൽ പെട്ട പുള്ളിയോട് പോലീസ്‌കാരനെന്നപോലെയാണ്—പെരുമാററം. പ്രതിപക്ഷബഹുമാനമോ വിനയമോ കസ്റ്റംസ് ഓഫീസറന്മാരിൽ കാണാൻ പ്രയാസമാണ്. പ്രതീക്ഷകളുമായി മാതൃഭൂമി കാണാനെത്തുന്നവരോടും വിദേശപൗരന്മാരോടും കാട്ടുന്ന ഈ മൃഗീയത സ്വതന്ത്ര ഇന്ത്യയ്ക്ക് ഭൂഷണമല്ല; ഈ പെരുമാററം നീതിപൂർവമല്ല. വഴിയിൽ കിടന്ന് കഷ്ടപ്പെടാതിരിക്കണമെങ്കിൽ അവിടെയുമിവിടെയും കൈമടക്കുകൾ കൊടുക്കണം. കൊടുത്തു പോകും.

ടാക്സിയിൽ ഞങ്ങൾ ഹോട്ടൽ കന്നിമെറായിൽ എത്തിയപ്പോൾ മുപ്പത്തഞ്ചു രൂപാ കൂലിയായി. മൂന്നാൾക്കും ഓരോരോ മുറികിട്ടി. പിറെറദിവസം വൈകിട്ടു വരെ ആ സ്വർഗ്ഗലോകത്തു കഴിഞ്ഞു. ഇടയ്ക്ക് വെളിയിൽ ചുററിക്കണ്ടു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള പൊരുത്തക്കേടും മദിരാശിയിലെ നാകനരകങ്ങളും ഞെട്ടിപ്പിക്കുന്നവയാണ്. അവിടെ മാത്രമല്ല ഇൻഡ്യയിലെ സ്ഥിതി ഇതാണെവിടെയും.

പിന്നെ പിറേറന്ന് വൈകിട്ട് തിരുവനന്തപുരത്തേക്ക് പറന്നു. തലസ്ഥാനത്തെ എയർപ്പോർട്ട് ചെറുതാണ്. അന്തരീക്ഷം താരതമ്യേന ശാന്തമായിരുന്നു. ഭാസ്കരൻ യാത്ര പറഞ്ഞു. മൂത്തമ്മയെ ബന്ധുക്കൾ കൂട്ടിക്കൊണ്ടുപോയി. മാധവൻ കുട്ടിയോടൊപ്പം ടാക്സിയിൽ ഞാൻ ഓടനാവട്ടത്തേക്ക് തിരിച്ചു. രാജപാതയിൽ കൂടി വണ്ടി ഇര

ച്ചു പറഞ്ഞു. ചൂടുകാലമായിരുന്നു. കിളിമാനൂർ നിന്നു എല്ലാവരും ചായ കഴിച്ചു. മൂത്രശോധനയും ചെറിയ വിശ്രമവും കഴിഞ്ഞു് വീണ്ടും തിരിച്ചു. ആയൂർ ഇളമാട്ട് വെളിയം വഴിയുള്ള റോഡ് പുണ്ണുപിടിച്ചതല്ലായിരുന്നു. ഏതാണ്ട് പത്തര മണിയോടെ വീട്ടെത്തി.

ഉറങ്ങിക്കിടന്ന അച്ഛനും മററും എണീററു. നാട്ടുകാർ പലരും ഓടിയെത്തി. ക്ഷീണം കുറവായിരുന്നില്ല. കുളിയും ലഘുഭക്ഷണവും കഴിഞ്ഞു് കിടന്നു. കുമിളയിട്ടുയരുന്ന ചിന്തകൾക്ക് വിട പറഞ്ഞു് ഒന്നു മയങ്ങി.

കുഡുംബ കാര്യങ്ങൾ ചിലതെല്ലാം ചെയ്യാനുണ്ടായിരുന്നു. അതു കൂടാതെ പല സ്ഥലങ്ങളിലും പോകണം. സിംഗപ്പൂരിലെ ആധുനിക സുഖസൗകര്യങ്ങളിൽ നീണ്ടകാലം പഴകിയ ശേഷം മാതൃഭൂമിയിലെത്തുന്നവർക്ക് പല പുതിയ അനുഭവങ്ങളും നേരിടേണ്ടിവരും. അവരെ മററുള്ളവർ അന്യരായികരുതുന്നതാണ് ഒരു ദുഃഖസത്യം. മടിശ്ശീലയുടെ തൂക്കം കുറയുന്നതിനനുസരിച്ച് സഹിക്കേണ്ടിവരുന്ന ദുരിതങ്ങൾ പലതാണ്. അതിൽ ഒന്നത്രെ ബസ്സ് യാത്ര. ഉന്തും തള്ളും പൊടിയും ബഹളവും ഒക്കെ സഹിക്കാം. കഴിവനുസരിച്ച് നമുക്കും തള്ളാം. കണ്ടക്ടരുടെ അഹന്ത അസഹ്യമാണ്. വിശേഷിച്ചും സർക്കാർബസ്സുകളിൽ. കള്ളുകട മുതൽ വള്ളക്കടവുവരെ ടാക്സി കിട്ടും. ഏതു ഓണം കേററ മൂലയിലും കാറുണ്ട്. ചുങ്കക്കാരന്റെ വങ്കത്തവും പൊലീസ് യജമാനന്റെ ഹുങ്കും നിലവിലുണ്ട്. പണമുണ്ടെങ്കിൽ എല്ലാ സാധനങ്ങളും സുലഭമാണ്. ഗൾഫ് മലയാളിക്കാണ് ഇപ്പോൾ കൂടുതൽ മതിപ്പ്. നൂറിന്റെയും പത്തിന്റെയും നോട്ടുകൾ പുല്ലുപോലെമാറുന്നത് സാധാരണയാണ്. മദ്യപാനം പെരുകിയിട്ടുണ്ട്. രാഷ്ട്രീയ യോഗങ്ങളും പണിമുടക്കുകളും മതപ്രസംഗങ്ങളും മുറയ്ക്ക് നടക്കുന്നുണ്ട്. ഉറങ്ങിയും ഉണർന്നും കിടന്ന സകല സർപ്പക്കാവുകളിലും ആൽത്തറകളിലും ഉത്സവങ്ങൾ കൊണ്ടാടുന്നു. പാദരക്ഷയും കാലുറയും ഒക്കെ നാട്ടിൻ പുറങ്ങളിലും സാധാരണയായിട്ടുണ്ട്. പുത്തൻ പണക്കാരുടെ പൂമേടകളും അതിന്റെ പത്തിരട്ടി യാചകരും പെരുകിയിട്ടുണ്ട്. കൈക്കൂലിയും കരിഞ്ചന്തയും അഴിമതിയും പരസ്യമായ രഹസ്യമാണ്. പത്രമാസികകളുടെ എണ്ണം അത്ഭുതകരമായി പെരുകി. ഇതെല്ലാം എവിടെ വീററഴിയുന്നോ എന്തോ? ജനസംഖ്യ വികസിച്ചതിന്നനുസരിച്ച് ചിലതൊക്കെ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നല്ലാതെ ക്രിയാത്മകവും കാലോചിതവുമായ പുരോഗതി നാട്ടിനു് ഇനിയും വന്നുചേർന്നിട്ടില്ല. സോഷ്യലിസം ഇന്നു ആകാശമുട്ടായി ആയി തീർന്നിരിക്കുന്നു. ഞാൻ വലിയവനെന്ന ഭാവംകൊണ്ടു് പരസ്പര ബഹുമാനമില്ലായ്മയും വിനയമില്ലാത്ത രീതിയും സാംസ്കാരിക നിലവാരത്തെ താഴ്ത്തിയിരിക്കുന്നു. ഇതൊരു സ്വയം വിമർശനമായി കരുതിയാൽ മതി. അഖില ഭാരത തലത്തിൽ പുരോഗതിയില്ലെന്നു് ഇതു കൊണ്ടർത്ഥമില്ല.

മൂന്നാഴ്ചക്കുള്ളിൽ എനിക്കു് സിംഗപ്പൂരിലേക്കു് മടങ്ങിപ്പോരണമായിരുന്നു. ഇടയ്ക്കു തിരുവനന്തപുരത്തു് ഒന്നു പോകണം, ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള ശ്രീ. എം. കെ. മേനോൻ ഇവർ മുന്നിലുണ്ടു്. കുഞ്ഞൻപിള്ള സാറിനെ മുമ്പു് കണ്ടിട്ടില്ല. എന്റെ കവിതാ സമാഹാരത്തെ അവതാരിക കൊണ്ടനുഗ്രഹിച്ചതു് ആ മഹാനാണു്. വിലാസിനിയെന്ന മോഹിനിയാട്ടക്കാരൻ എം. കെ മേനോൻ സാഹിത്യരംഗത്തു്, വിശേഷിച്ചും നോവൽ വഴി പടർന്നു പന്തലിച്ചുപോയി. സിംഗപ്പൂർ മലയാളികൾക്കു് സുപരിചിതനാണദ്ദേഹം. എന്റെ ചങ്ങാതിയാണു്. രണ്ടു ദിവസമെങ്കിലും കൂടെത്താമ

സിക്കണമെന്നു് നിർബ്ബന്ധിച്ചിട്ടുണ്ടു്. ഒരു ദിവസം ആ സായിബാവായുടെ വസതിയിൽ എത്തി. എല്ലാം സിംഗപ്പൂർ സ്റ്റൈലിൽ സജ്ജമാക്കിയിട്ടുള്ള ഒരു മണിമന്ദിരം. മദ്യവും മദിരാക്ഷിയും മാത്രമില്ല. ഷെഡിൽ കാറു് വിശ്രമിക്കുന്നു. ഡ്രൈവർ സുധാകരൻ ശബരിമല അയ്യപ്പന്റെ വേഷത്തിൽ ഓടാൻ തയ്യാറെടുത്തു താടിമീശയുമായി നിൽക്കുന്നുണ്ടു്. "അവകാശിക"ളെന്ന ഭീകര നോവൽ പുറത്തിറങ്ങാൻ പോകുന്നു. മേനോൻ അതിന്റെ ജോലിത്തിരക്കിലാണു്. ഇഷ്ടൻ എന്നോടു് പറഞ്ഞു.

"എടോ കട്ടേലെ, തനിക്കു് തിരുവനന്തപുരത്തു് ആരെയെല്ലാം കാണണം. എന്തെല്ലാം ചെയ്യാനുണ്ടു്; പറഞ്ഞോളു. തിരക്കിലും ഞാൻ തനിക്കുവേണ്ടി സമയം കണ്ടേളാം."

"അതു് തന്റെ ആരോഗ്യത്തിനു് നല്ലതു്." ഞാനും മറുപടി പറഞ്ഞു. ശൂരനാടൻ സാറിനെ കാണണം. കെ. എസ്. കുമാറിനെയും ഗുപ്തൻനായർ സാറിനെയും കാണണം. പിന്നെ തന്റെ പോക്കററിൽ വല്ല കലാകാരികളുമുണ്ടെങ്കിൽ അവരെയും കണ്ടുകളയാം. ഞാനറിയിച്ചു.

ഉടനെ തന്നെ കുഞ്ഞൻപിള്ള സാറിനു് ഫോൺ ചെയ്തു് സമയം തീർച്ചപ്പെടുത്തി; പിറേറദിവസം രാവിലെ കാണുന്നതിനു്. "അവകാശി"കളുടെ ആദ്യവാല്യം നോക്കിയും അതുമിതും പറഞ്ഞും കുറെനേരം കഴിച്ചു. വൈകുന്നേരം നഗരമൊന്നു് ചുററിക്കണ്ടു. എം. കെ. യുടെ ചിലവിൽ ഒരു സ്ഥലത്തുനിന്നു് ചപ്പാത്തിയും ഇറച്ചിയും അടിച്ചു. തിരിച്ചു് മേനോന്റെ ശ്രീകോവിലിൽ എത്തി വർത്തമാനം പറഞ്ഞിരുന്നു. നിദ്രവന്നു് കണ്ണിന്റെ വാതിൽ സാക്ഷായിടാൻ തുടങ്ങിയപ്പോൾ മേനോൻ യാത്ര പറഞ്ഞു കിടക്കാൻ പോയി.

പിറേറന്നു് കൃത്യസമയത്തു തന്നെ കാർ കുഞ്ഞൻപിള്ള സാറിന്റെ കേരള പ്രഭയുടെ മുമ്പിലെത്തി. കേരളത്തെ വിജ്ഞാനപ്രഭയാക്കുവാൻ ഇന്നോളം അവിശ്രമപരിശ്രമം ചെയ്തുവരുന്ന ആ അഭിനവ വാത്മീകി ഗ്രന്ഥങ്ങൾക്കിടയിൽ തന്റെ തപസ്സാരംഭിച്ചിരുന്നു. ഞങ്ങളെ ബുദ്ധികൊണ്ടു് മനസ്സിലാക്കി മന്ദസ്മിതം കൊണ്ടു് സ്വാഗതം ചെയ്തു. ആ വിജ്ഞാന പാരാവാരത്തിൽ നിന്നു് തിരകളുയരുവാൻ തുടങ്ങി. ഏതാണ്ടു് പതിനൊന്നു് മണിവരെ ഞങ്ങൾ ഒന്നിച്ചു കഴിഞ്ഞു. എനിക്കും മേനോനും ഓരോ ഗ്രന്ഥങ്ങൾ സമ്മാനിച്ചു. ഇടയ്ക്കു് ചായ കഴിച്ചു. യാത്ര പറഞ്ഞു് പിരിഞ്ഞശേഷവും ഒരു മഹാശയൻ ഞങ്ങളിൽ നിറഞ്ഞുനിൽക്കുന്നതായി തോന്നി.

നേരെ കെ. എസ്. കുമാറിന്റെ വസതിയിലേക്കാണു് വണ്ടി വിട്ടതു്. ഇഷ്ടൻ ഭവനത്തിൽ തന്നെ ഉണ്ടായിരുന്നു. കണ്ണീരും പുഞ്ചിരിയും കലർന്ന കഴിഞ്ഞ കാലങ്ങളെ കുറെയെല്ലാം അയവിറക്കി. എനിക്കും മേനോനും കുടിക്കാൻ തന്നു. ലക്ഷ്മിക്കുട്ടിയോടും മററും യാത്ര പറഞ്ഞു് ശ്രീ. ഗുപ്തൻനായരുടെ വസതിയിലെത്തി. പ്രൊ: ഗുപ്തൻനായരുടെ പ്രസംഗം ഉജ്ജ്വലവും കാര്യമാത്ര പ്രസക്തവുമാണു്. ആളാണെങ്കിൽ ശുദ്ധസൗമ്യനും. ഇറങ്ങുമ്പോൾ അദ്ദേഹവും ഞങ്ങളോടൊപ്പം ടൗണിലേക്കു് പോന്നു.

പിറേറദിവസം യൂണിവേഴ്സിററിയിൽ വച്ചു് മഹാകവി വി. സി. ബാലകൃഷ്ണപ്പണിക്കരുടെ ചരമ വാർഷികം ആഘോഷിക്കുന്നുണ്ടായിരുന്നു. എം. കെ.യും ഞാനും അവിടെ പോയി. പ്രൊ: എൻ. കൃഷ്ണപിള്ള, പ്രൊ:അയ്യപ്പപ്പണിക്കർ, ചെമ്മനം ചാക്കോ, നരേന്ദ്രനാഥ് തുടങ്ങിയ വൻതോക്കുകൾ വെളിയിൽ നിൽക്കുന്നതു കണ്ടു. പരിചയം പുതുക്കി. ശൂരനാടൻ സാർ തന്നെയായിരുന്നു യോഗാദ്ധ്യക്ഷൻ. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ കാണാൻ സമയക്ലിപ്തമുണ്ടായിരുന്നു. അതുകൊണ്ടു് യോഗം തീരുന്നതിനു മുമ്പേ ഞങ്ങൾ സ്ഥലം വിട്ടു.

മന്ത്രി മന്ദിരത്തിൽ കാറുനിന്നു. മിസ്സിസ് പിള്ളയുണ്ടായിരുന്നു. വറുത്തതും കാപ്പിയും കിട്ടി. ഏതോ സമ്മേളനം കഴിഞ്ഞ് മന്ത്രി താമസിച്ചാണെത്തിയത്. നേതാവിന്റെ പെരുമാററത്തിൽ പുതുമയുണ്ടായിരുന്നു. താമസിയാതെ അദ്ദേഹത്തെ ശല്യപ്പെടുത്താതെ ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി.

ജനസംഖ്യയുടെ പെരുക്കം എന്റെ കൊച്ചുഗ്രാമത്തെയും ഇളക്കിയിരിക്കുന്നു. ഗ്രാമീണഭംഗിയസ്തമിക്കയും വീടുകളും കള്ളുസ് പുരകളും ഇടതിങ്ങുകയും ചെയ്തിരിക്കുന്നു. എങ്കിലും ആളുകളുടെ ഉള്ളിൽ നിന്നും ഗ്രാമീണ ശാലീനത മാഞ്ഞിട്ടില്ല. അങ്ങനെ ചില നാളുകൾ പിന്നിട്ടപ്പോൾ സിംഗപ്പൂരിലേക്കു മടങ്ങാനുള്ള സമയമായി. പെട്ടിയിൽ സ്നേഹം നിറയ്ക്കാൻ തുടങ്ങി. ചക്കയും ഏത്തക്കായും വറുത്തത്. അവൽ, അലുവാ കരുപ്പോട്ടി എന്നിങ്ങനെ വേണ്ടതും വേണ്ടാത്തതും കുന്നുകൂടി. കുറെയെല്ലാം വാരിയെറിഞ്ഞു. കൊണ്ടെത്തിക്കാനുള്ള ബുദ്ധിമുട്ട് ബന്ധുമിത്രാദികൾക്കറിയാത്തതാണ്. തൂക്കം കൂടിയാൽ അതിന് കൂലിയും ഇളവിന് കൈക്കൂലിയും കൊടുക്കണം. എന്തായാലും ഒരുക്കങ്ങൾ പൂർത്തിയായി. ശകുനപ്പിഴയാണ് കണ്ടത്. വകവയ്ക്കാതെ തിരിച്ചു. ശ്രീമാൻ എം. കെ. മേനോന്റെ കൊട്ടാരത്തിൽ വന്നു. ഉച്ച ഊണും കഴിഞ്ഞ് വിശ്രമിച്ചു. മേനോനോട് യാത്ര പറയുമ്പോൾ ഉൾക്കിടിലം ഉണ്ടായി. ധിക്കാരിയായ ഈ സാഹിത്യകാരനിൽ ശുദ്ധനായ ഒരു ചങ്ങാതിയും നിറഞ്ഞ ഒരു മനുഷ്യനും ഉറങ്ങാതെ കഴിയുന്നുണ്ടെന്ന് എനിക്കറിയാം. വിമാനം കയറുന്നത് നോക്കിനിന്ന രാഘവനും മാധവൻകുട്ടിയും മടങ്ങിപ്പോയി. ആകാശ നീലിമയിൽ ഊളയിട്ടും ആടിപ്പറന്നും ഗഗനവാഹനം പുരോഗമിച്ചു. മി. വർഗ്ഗീസും ഇഷ്ടന്റെ മിസ്സിസും രണ്ടു കുഞ്ഞുങ്ങളും വിമാനത്തിലുണ്ടായിരുന്നു. അവരുമായി ലോഹ്യത്തിലായി. പുള്ളിക്കാരൻ മൂക്കിൽപ്പൊടി പിടിക്കും. പക്ഷെ തുമ്മുന്നതു അടുത്തിരിക്കുന്ന ഭാര്യയാണ്. കുട്ടികളും ഞാനും കണ്ടു രസിക്കും. അങ്ങനെ ഞങ്ങളും സമയവും പറന്നു പോയി.

തമിൾ നാട്ടിൽ രാത്രിയും പിന്നെ പിറേറന്ന് പതിനൊന്ന് മണിവരെയും കഴിഞ്ഞു. ഹോട്ടൽ "കോള" ഒന്നാംകിടതന്നെ. അർത്ഥത്തിലും ശബ്ദത്തിലും എല്ലാ സൗകര്യങ്ങളുമുണ്ട്. അവിടെ നിന്നും എയർപ്പോർട്ടിൽ വന്നു. സിംഗപ്പൂരിലേക്കുള്ള വിമാനം കയറി. ഇതിനകം പല സ്ഥലത്തും കൈനീട്ടം നൽകേണ്ടിവന്നു. കൈമടക്കിലും മുഖതാങ്ങലിലും എനിക്ക് വിശ്വാസമില്ല, എങ്കിലും യാത്രക്ലേശങ്ങൾ ഒഴിവാക്കണമെങ്കിൽ നട്ടുത്തൂണും തന്നെ തിന്നണം എന്നു മനസ്സിലായി. പ്ലെയിനിലെ ശാപ്പാടും ചൂടു പകരുന്ന പാനീയവും കുറെ അകത്തായപ്പോൾ ഉന്മേഷം വീണ്ടുകിട്ടി. എന്റെ തൊട്ടടുത്ത സീററിൽ തോളുരുമ്മിയിരുന്നത് ഒരു തടിച്ചി തമിഴത്തിയായിരുന്നു. നിലാവിന്റെ പല്ലും അർദ്ധരാത്രിയുടെ തൊലിയും, ആനച്ചന്തവുമുണ്ട്. അമിട്ടുപൊട്ടിയപോലെ അവളൊന്നു ഛർദ്ദിച്ചു. എന്റെ തോളിലേക്കു മയങ്ങി വീണു. ഞാൻവിമാനത്തിലെ മാലാഖയെ വിളിച്ചു. ഒരുത്തിവന്ന് മുഖം തുടച്ചു. പോയി കുറെ ഗുളികയും വെള്ളവുമായി വന്നു. കൊടുത്തശേഷം എന്നോടു പറഞ്ഞു. ഭാര്യയുടെ മുതുകൊന്ന് തടവിക്കൊടുക്കണം. ഞാൻ തടവിക്കൊടുത്തു. അല്പം കഴിഞ്ഞപ്പോൾ തമിഴത്തി എനിക്കു നന്ദി പറഞ്ഞു. അത് ഞാൻ പറയേണ്ടതാണെന്നു മനസ്സിൽ കരുതി.

കോലാലംപൂരിൽ പ്ലെയിൻ നിന്നു. അവിടത്തെ യാത്രക്കാരെല്ലാം ഇറങ്ങി. കൂട്ടത്തിൽ എന്റെ അടുത്തിരുന്ന തമിൾ സുന്ദരിയും കൈകൂപ്പി സ്ഥലംവിട്ടു. ഞങ്ങൾ സിങ്കപ്പൂരിലിറങ്ങുമ്പോൾ നല്ല മഴയുണ്ടായിരുന്നു. കസ്റ്റംസ് കഴിഞ്ഞപ്പോൾ അല്പം ഡ്യൂട്ടി ഫ്രീ മദ്യം വാങ്ങിവയ്ക്കാൻ മറന്നുപോയി. വെളിയിൽ ഇറങ്ങുമ്പോഴും കനത്ത മഴ അവസാനിച്ചിട്ടില്ല എന്റെ വരവും കാത്ത് വീട്ടുകാരിയും മററും നിൽക്കുന്നുണ്ടായിരുന്നു. സഹയാത്രക്കാരി തമിഴത്തി കോലാലംപൂരിൽ ഇറങ്ങിയത് നന്നായിപ്പോയെന്ന് സങ്കല്പിച്ച് ഞാൻ ശ്രീമതിയുടെ അടുത്തേക്ക് നടന്നു.

ചെറുകഥ

# രാഗങ്ങൾ, പാട്ടുകൾ

—ഞെക്കാട്—

അകത്ത് വാദ്യമേളം മുഴങ്ങുന്നു. പൂജ ആരംഭിച്ചുകഴിഞ്ഞു. കേറിത്തൊഴുതില്ലെങ്കിൽ സൌദാമിനി വെച്ചുപൊറുപ്പിക്കില്ല. വെളുപ്പിനു നാലരയ്ക്കാണ് സിംഗപ്പൂരിലെത്തിയത്. നേരെ ഒന്നുറങ്ങിയില്ല. ദിനചര്യകൾ ശരിപ്പെട്ടില്ല. ഇന്നേതായാലും ക്ഷേത്രദർശനം വേണ്ടെന്നു നൂറുകുറി പറഞ്ഞുനോക്കി. 'വെള്ളിയാഴ്ച കോവിലിൽ പോകാതെയോ?' അവൾ ശാഠ്യം പിടിച്ചു. പഴയ കൂട്ടുകാർ എവിടെയൊക്കെയാണെന്ന് അന്വേഷിക്കാനുള്ള ശ്രമം പൊളിഞ്ഞു. പങ്കജത്തിനെ കാണാനുള്ള മോഹവും.

നാദസ്വരവും, തകിലും, മണിയടിയും, പൊടിപൂരം. ഗോപുരപ്പടിയിൽ ചെരിപ്പൂരിയിട്ടു. ശ്രീകോവിലിനു മുന്നിലേക്കോടി നല്ല ആൾ കൂട്ടമുണ്ട്. എല്ലാരും ഭക്തിപരവശരായി കണ്ണടച്ചു തൊഴുതു നിൽക്കുന്നു. പരിചയമുള്ള മുഖങ്ങൾ കണ്ണിൽ പെട്ടില്ലേയെന്നു സംശയം. എല്ലാരും പ്രാർത്ഥനയാണ്. സ്വയം കൈകൂമ്പി കണ്ണടഞ്ഞു. ശ്രീകോവിലിനുള്ളിൽ ചന്ദനം ചാർത്തി ആഭരണങ്ങളണിഞ്ഞിരിക്കുന്ന സുന്ദരനായ വിഷ്ണുവിന്റെ രൂപം മനസ്സിൽ തെളിയേണ്ടതാണ്. വാദ്യഘോഷം, മണിനാദം, മന്ത്രോച്ചാരണം, കർപ്പൂരവും, സാമ്പ്രാണിയും എരിഞ്ഞുയരുന്ന സുഗന്ധം. മനസ്സ് അകത്തിരിക്കുന്ന വിഗ്രഹത്തിൽ ഉറച്ചുനിൽക്കാനുള്ള സാഹചര്യം. പക്ഷെ കാണുന്നതു പങ്കജത്തെയാണ്. കണ്ണിറുക്കിയടച്ചു. ഫലമില്ല. മനസ്സു മുഴുവൻ അവൾ നിറഞ്ഞു നിൽക്കുന്നു. എനിക്കു ചുറ്റും അവളുടെ രൂപം പൊതിഞ്ഞു നിൽക്കുന്നുവെന്ന തോന്നൽ. നല്ലെണ്ണയുടെയും, പിച്ചിപ്പൂവിന്റെയും മണം പാറിവരുന്നു. മഷിയെഴുതാതെ തന്നെ കറുത്തിരുണ്ട പുരികക്കൊടികൾ; നെററിയിൽ കുങ്കുമപ്പൊട്ട്. മദ്ധ്യം വകുന്ന തുമ്പുകെട്ടി പിന്നിലേക്കെറിഞ്ഞിരിക്കുന്ന നീണ്ടു ചുരുണ്ട കാർകുഴൽ. അല്പം വിടർന്നു പൂഞ്ചിരി തൂകുന്ന ചെഞ്ചുണ്ടുകൾ. ഹൃദയത്തിൽ പുളകം ചാർത്തുന്ന ശരീരവടിവ്. കൂമ്പിനിന്ന കൈകൾ ഒന്നുകൂടി അമർന്നു. അടച്ചുപിടിച്ചിരുന്ന കണ്ണുകളിൽ കൂടുതൽ പ്രകാശം പരന്നു. "കർപ്പൂരദീപം".

ശാന്തിക്കാരൻ വിളിച്ചുപറഞ്ഞു കണ്ണു തുറന്നു. എതിരേ നിൽക്കുന്ന പങ്കജം! അവളുടെ കണ്ണുകൾ തന്നിലേക്കാണ്. ആശ്ചര്യവും ആഹ്ലാദവും തുളുമ്പുന്ന നോട്ടം. തനിക്കങ്ങോട്ടു നോക്കാനാവുന്നില്ല. പങ്കജത്തിനു തൊട്ടടുത്തു നിൽക്കുന്നതു സൌദാമിനിയാണ്. അവളെന്തെങ്കിലും സംശയിച്ചാൽ ആൾക്കൂട്ടത്തിലായാലും ശാസിക്കും. അസുഖകരമായ ആ രംഗമോർത്തു കാണാത്ത മട്ടിൽ ചന്ദ്രൻ വിദൂരത്തിലേക്കു നോക്കി.

"എപ്പഴേ വന്നു?"

പ്രസാദവും വഴിപാടുമൊക്കെ കഴിഞ്ഞു ഗോപുര നടയിലിറങ്ങുമ്പോൾ പങ്കജം ചോദിച്ചു.

"ഇന്നു വെളുപ്പിനേ എത്തീട്ടുള്ളു. ഒററക്കേ വന്നിട്ടുള്ളു."

"ആളുകിളപ്പാണ്."

"നിങ്ങൾ പരിചയപ്പെട്ടില്ലല്ലോ. സൌദാമിനി എൻ്റെ..." നേരത്തെ മനസ്സിലായില്ല ക്ഷമിക്കണ്ടാ?"

പങ്കജം സൌദാമിനിയുടെ കൈപിടിച്ചു. കൈ പിൻവലിച്ചില്ലെങ്കിലും ഒട്ടും ഇഷ്ടപ്പെടാത്ത മുഖഭാവമായിരുന്നു സൌദാമിനിയുടേതു്.

"മിസ്സിസ് നമ്പ്യാർ" പരിചയപ്പെടൽ പൂർത്തിയായി. "പങ്കജന്നു പറഞ്ഞാലായില്ലേ? സൌദാമിനിയതു ഉരുത്തുമെന്നു പങ്കജമറിയുന്നില്ല.

"എവിടെയോ അത്യാവശ്യമായി പോകാനുണ്ടെന്നു പറഞ്ഞു തെരക്കുകൂട്ടിയതല്ലേ? നമുക്കു പോകാം ."

സൌദാമിനിയുടെ സ്വരത്തിൽ തെളിഞ്ഞ അസ്വാസ്ഥ്യമുണ്ടായിരുന്നു. എനിക്കും തെരക്കുണ്ട്. ചെന്നിട്ടുവേണം മരുന്നു കൊടുക്കാൻ?"

പങ്കജം തിരിഞ്ഞു പൊതുനിരത്തിലേക്കു നടന്നു.

തനിക്കുവേണ്ടി എത്ര അപവാദം ചുമന്ന സ്ത്രീയാണവൾ! നുണ പരന്നു അതു അങ്ങാടി പാട്ടായപ്പോൾ താൻ വ്യാകുലതകൊണ്ടു. 'അവനവനെ വിശ്വാസമുണ്ടായാൽ മതി'. അവൾ സമാധാനിപ്പിച്ചു. അവനവനെ വിശ്വാസമുണ്ടായിരുന്നു. പക്ഷെ ലോകം അതു ഗണ്യമാക്കിയില്ല. അനാരോഗ്യവും, പ്രായാധിക്യവും കൊണ്ട് അനുരൂപനല്ലാത്ത ഭർത്താവിൻ്റെ യുവതിയായ ഭാര്യ. സർവ്വഥാ അനുരൂപനായ ചങ്ങാതി. ചങ്ങാതിതന്നെയായിരുന്നു. പരസ്പരം ഒളിച്ചുവയ്ക്കാതെ എല്ലാം തുറന്നുപറഞ്ഞിരുന്നു. ഏകാന്തതയിൽ മണിക്കൂറുകൾ കഴിച്ചുകൂട്ടാറുണ്ടായിരുന്നു. രാത്രിയും പകലും. പാതിരാത്രിയിൽ തണുപ്പുകൊണ്ടു ചുമച്ചുതുടങ്ങുന്ന കാസരോഗിയായ ഭർത്താവിനെ ഓടിച്ചെന്നു പുതപ്പിച്ചു കിടത്തീട്ടു തന്നോടൊപ്പം സംസാരിക്കാൻ മടങ്ങിവരാറുണ്ടായിരുന്നു അവൾ.

"ആ ഫർണിച്ചറുകാരനിപ്പം വന്നു കാണും."

സൌദാമിനിക്കു് മൌനം താങ്ങാനായില്ല.

"ഉടനെ പൊയ്ക്കളയാം."

"വീട്ടിൽ അത്താഴമൊരുക്കീട്ടില്ലെന്ന കാര്യം മറന്നോ?"

"കോമള വിലാസം അകലെയല്ല."

"വല്ലവനും വച്ചുണ്ടാക്കുന്നതു്...?"

"ഡൽഹിയിലായിരുന്നപ്പോഴും സൌദാമിനി വച്ചുണ്ടാക്കുക അപൂർവമായിരുന്നില്ലേ?"

"എന്നെ കുററം പറയുകയാണോ?"

"അതൊരിക്കലും പതിവുണ്ടായിരുന്നില്ലല്ലോ?"

"എല്ലാം അറിഞ്ഞിട്ടുതന്നെയല്ലെ എന്നെ?"

"നേരായി കാറിൽ കയറൂ."

ആ സംഭാഷണം വഴക്കിലേ അവസാനിക്കൂ. സ്ഥലം മാററമായിസിംഗപ്പൂരിലെത്തീട്ടേയുള്ളൂ. ഉദ്യോഗക്കയററത്തോടെ വന്നിരിക്കയാണ്. കമ്പനിയുടെ ജനറൽ മാനേജർ. അതിനു തക്ക അന്തസ്സു പാലിക്കണം. താമസിക്കാൻ ബംഗ്ലാവും, ഉപയോഗത്തിനു കാറും ഒക്കെ കമ്പനി ഏർപ്പാടു ചെയ്തിരുന്നു. അവിടെയിരുന്നു അന്തസ്സിനു ജീവിച്ചുകൊണ്ടാൽ മതി. പക്ഷെ സൌദാമിനി? അവളെ കുററംപറയാനെന്തിരിക്കുന്നു? തന്തോന്നിയായി നടന്ന ഒരു സൊസൈററി ഗേൾ. ലോക മര്യാദതന്നെ അടിവണങ്ങണമെന്നല്ലാതെ നാട്ടുനടപ്പിനു വഴങ്ങണമെന്നവൾ പഠിച്ചിട്ടില്ല. അതൊക്കെ അറിയാമായിരുന്നിട്ടും താനവളെ വിവാഹം കഴിച്ചു. ക്ലബ്ബുകളിൽ വച്ചാണ് കണ്ടുമുട്ടിയതു്, സിംഗപ്പൂരിൽ നിന്നു മടങ്ങിച്ചെന്നു ഇന്ത്യയിലെ പല പട്ടണങ്ങളിലും ഉദ്യോഗംനോക്കി. ഒരിടത്തും തങ്ങിനിന്നില്ല. കാററിൽപറന്നുവന്നു നിലംപതിച്ച കരിയില

വീണ്ടും കാററിൽ പറന്നുയരുന്നതുപോലെ. ജീവിതത്തിനു സ്നിഗ്ദ്ധത തേടിയലയുക
യായിരുന്നു. സിംഗപ്പൂരിൽ നഷ്ടപ്പെട്ടത് വീണ്ടെടുക്കുവാൻ, സ്നേഹ സമ്പന്നയായ
ഒരു സ്ത്രീയുടെ ശാലീനമായ പെരുമാററം. അതാണു പിന്നിലുപേക്ഷിച്ച് ഓടിപ്പോയ
ത്. അതിനൊരു പകരം അത്ര എളുപ്പമായിരുന്നില്ല. ഓടിയോടി ഡൽഹിയിലെത്തി.
സ്നിഗ്ദ്ധതയ്ക്കു പകരം പകിട്ടു നിറഞ്ഞ ജീവിതം അവിടെ കണ്ടു. കൈമോശംവന്ന
തിനെയോർത്തു ഖേദിക്കുന്ന സ്വഭാവം പ്രായേണ മാറി. ശാശ്വതമായ ആനന്ദത്തെപ്പ
ററിയുള്ള ആഗ്രഹം വ്യാമോഹമാണെന്നു തോന്നി. അല്പനേരത്തെ ആനന്ദത്തിനു, മി
ന്നൽ വേഗത്തിൽ ഹൃദയം പിടിച്ചു കുലുക്കികടന്നു പോകുന്ന അനുഭൂതിക്കുവേണ്ടി ഓടി
നടന്നു. കണ്ടാൽ കൊള്ളാവുന്നതിലെല്ലാം കണ്ണുവച്ചു. കൈക്കൊതുങ്ങിയതെല്ലാം പിടി
ച്ചെടുത്തു. കൂട്ടത്തിൽ സൌദാമിനിയും. പിടിയൂരി പിന്തിരിഞ്ഞോടാൻ പററിയില്ല.
അവൾ ഒട്ടിപ്പിടിക്കുന്ന വസ്തുവായിരുന്നു. അരക്കിൽകുടുങ്ങിയ ഈച്ച താൻ ഇട്ടെറിഞ്ഞു
പോന്ന നിത്യാനന്ദത്തോടു പക വീട്ടുകയാണെന്നു സമാധാനിച്ചു.

"ഇത്രയും ദൂരമുണ്ടോ?

അവൾക്കു വീണ്ടും വീർപ്പുമുട്ടി. ചുററും നോക്കി. കോമളവിലാസം കടന്നു പോ
ന്നിരുന്നു. വല്ലായ്മ തോന്നി.

"കൃഷ്ണവിലാസത്തിൽ നിന്നു വാങ്ങാം''

''കോമളവിലാസം വേണ്ടെന്നുവച്ചതെന്തേ?''

''കൃഷ്ണവിലാസം മലയാളികളുടേതാണ്''

സത്യമെന്തായാലും പററിയ മറുപടി കൊണ്ടേ അവൾ തൃപ്തിപ്പെട്ടു.

''മൊരിഞ്ഞ മസാല ദോശ വാങ്ങിയാൽ മതി''

നല്ല മസാല ദോശ കിട്ടുന്നത് കോമളവിലാസത്തിലാണ്. മുമ്പൊക്കെ പങ്കജവു
മൊന്നിച്ചുപോയി വാങ്ങാറുണ്ടായിരുന്നു. കടയിൽനിന്നു വാങ്ങുന്നതു പങ്കജത്തിനിഷ്ട
മായിരുന്നില്ല. പാചകം ഒക്കെ വീട്ടിൽതന്നെ ആകണമെന്നവൾക്കു നിർബന്ധമാണ്.
പണിക്കാരത്തിയുണ്ടെങ്കിൽതന്നെയുംവെയ്പുതന്നത്താൻ വേണം. വേണ്ടതൊക്കെ ഒരു
ക്കിക്കൊടുത്തു പണിക്കാരത്തി ഒതുങ്ങി നിന്നാൽ മതി. നമ്പ്യാർ ഏട്ടനന്നു വലിയ ഉ
ദ്യോഗത്തിലായിരുന്നു. ഭാര്യ അടുക്കളയിൽ കടക്കുന്നത് മൂപ്പർക്കിഷ്ടമായിരുന്നില്ലാ
'എന്താ കാട്ടുക? എനിക്കാണെങ്കിൽ അടുക്കളേലെ കാര്യം ഒരു പിടീല്യ. ഓൾക്കാ
ണെങ്കിൽ ഒക്കെയും തന്നത്താനാവണേന്നു ശാഠ്യവും"

നിസ്സഹായനെപ്പോലെ അദ്ദേഹം പറയുക പതിവായിരുന്നു. 'എല്ലാ ഒഴിവുദിവ
സവും ഊണിനവിടെ കൂടണ'മെന്നു തന്നെ നിർബ്ബന്ധിച്ചിരുന്നു. നാട്ടിൽനിന്നു തൊ
ഴിലന്വേഷിച്ചു സിംഗപ്പൂരിലെത്തിയ നാൾതൊട്ടു തന്നെ നോക്കിനടത്തിയ ആളാണ്
ഒഴിയാൻ പാടില്ല. പങ്കജത്തിന്റെ പാചകത്തിന്റെ സ്വാദൊന്നു വേറെതന്നെയായിരു
ന്നു. പാചകത്തിന്റെ സ്വാദാണോ, അവളുടെ രൂപസൌകുമാര്യമാണോ, പെരുമാററ
ത്തിലെ ശാലീനതയാണോ എന്താണു തന്നെ അങ്ങോട്ടാകർഷിച്ചതെ വ്യവച്ഛേദി
ക്കാനില്ല.

''മതി മതി''

വീണ്ടും വിളമ്പാനൊരുങ്ങുമ്പോൾ താൻ തടയും.

''മത്സ്യോ മാംസോ ഭക്ഷിക്കാനാവും കൌതുകം''

അവളൊരിക്കൽ പരിഭവിച്ചു. ''എനിക്കേറെ പഥ്യാ. സൌദാമിനിക്ക്....''

ഏട്ടൻ പാചകം മുഴുവനാക്കിയില്ല. സൌദാമിനിക്ക് അതതായ്കയില്ല. കൊണ്ടുവന്നത അപ്പമാണാം.

അടുത്ത പ്രാവശ്യം മാർക്കറ്റിലേക്ക പോകാൻ തന്നെയും കൂട്ടി. താനും ഏട്ടനും മാത്രം. പങ്കജം പീടികകളിലും ബസാറിലും പോവുക പതിവില്ല. അഞ്ചാറു വർഷത്തെ ദാമ്പത്യ ജീവിതത്തിനിടയിൽ അന്നാദ്യമായി ഏട്ടൻ സ്വന്തം ഭവനത്തിൽ മാംസം പാചകം ചെയ്യാനൊരുങ്ങി. കച്ചവടക്കാരൻ ചീനൻ കോഴിയെക്കൊന്നു തൂവലും ചവറുമൊക്കെ കളഞ്ഞ് കഴുകി വെട്ടപ്പാക്കിത്തന്നിരുന്നു. പക്ഷെ അടുക്കളയിലെത്തിയപ്പോൾ പങ്കജം ഒന്നു പകച്ചു നോക്കി.

"പരിചയോല്യല്ലെ ഞാൻ കൂടണോ?"

"അറിയാത്തോർ കൂടീട്ടെന്താ ഫലം?"

താൻ തന്നെയായിക്കൊള്ളാമെന്ന മട്ടിൽ പങ്കജം സാരി മുറുക്കിയുടുത്തു് "രാധാകൃഷ്ണന് ഇതൊക്കെ നിശ്ചയോണ്ടെന്നല്ലേ പറയ?"

ഭാര്യക്കു പരിചയമില്ലെന്നു പൂർണ്ണ ബോദ്ധ്യമുള്ളതുകൊണ്ട് ഏട്ടൻ ചോദിച്ചു. "പാചകമല്ലേ അപ്രഥമൻ വരെയാവാം. കന്യാകുമാരി മുതൽ കാഷ്മീർവരെയുള്ള ഏതു ശാപ്പാട്ടും ആവും."

"ഇത്രകാലം മിണ്ടില്ല്യാല്ലോ"

പങ്കജം പരിഭവിച്ചു ചോദിക്കേം ഉണ്ടായില്ല.

അന്നങ്ങനെ അടുക്കളയിൽ കടന്നു. ഏട്ടൻ പതിവുപോലെ പുറത്തിരുന്നു പത്രവായന. താനൊക്കെ ഒരുക്കികൊടുത്തുവെങ്കിലും എല്ലാം കാലമാക്കിയതു പങ്കജമായിരുന്നു. പിന്നെ അതൊരു പതിവായി. ഒഴിവുദിവസങ്ങളിൽഭക്ഷണം അവിടെ സ്ഥിരമായി. അടുക്കളയിൽ കടന്നു എന്തെങ്കിലും ചെയ്തുകൊടുത്തില്ലെങ്കിൽ പങ്കജത്തിനു ശുണ്ഠി വരും.

"സാർ മസാല ദോശ"

കടക്കാരൻ വിളിച്ചു പറഞ്ഞു. കാശുകൊടുത്തു സാധനം കൈയിൽ വാങ്ങിനടന്നു. നേരം എത്രയായോ? സൌദാമിനി പരിഭവിക്കും,

"കടയിലെന്തൊരു തെരക്കാണു പൊന്നേ?"

അകലെനിന്നു ചെല്ലുമ്പോഴേ വിളിച്ചു പറഞ്ഞു. ഒറ്റയ്ക്കിരുന്നു മുഷിഞ്ഞ ഭാവം മുഖത്തുണ്ടായിരുന്നെങ്കിലും അവൾ ശണ്ഠയ്ക്കൊരുങ്ങിയില്ല.

"വെള്ളിയാഴ്ചയല്ലെ പടത്തിൽ ചാർത്താൻപ്പൂവ്...."

കാറു തിരിഞ്ഞതിനു ശേഷമാണ് അക്കാര്യം പറഞ്ഞത്. ഡൽഹിയിൽവച്ചു ഇതൊന്നും കേട്ടിട്ടില്ല. അഞ്ചു മണി കഴിഞ്ഞാൽ ക്ലബ്ബാണ് സങ്കേതം. മടക്കികൊണ്ടുവരാൻ പോയി കാത്തു നിൽക്കുകയാണ് പതിവ്.

"മുമ്പെങ്ങും പതിവില്ലാത്തതല്ലേ; മറന്നു"

"ഞാനും കുടുംബത്തിൽ പിറന്നതാണ്. എന്റെ അച്ഛൻ ഹിമാലയത്തിൽ തപസ്സുചെയ്ത സന്യാസിയാണ്."

അമ്മയെപ്പേടിച്ചല്ലേ അച്ഛൻ ഹിമാലയത്തിൽ പോയതെന്നു ചോദിക്കാൻ നാക്കെത്തു വന്നു. 'പിന്നെന്തിനെന്റെ സാരിത്തുമ്പും മണപ്പിച്ചു നടന്നു?' എന്നവൾതിരിച്ചടിക്കും

"പൂവ് വേണം അതല്ലേ കാര്യം? ഒരു മൈൽ മുന്നോട്ടു പോയി അങ്ങേ റോഡിലൂടെ തിരിയെ വരണം."

"എന്നാലും വേണ്ടതു കൂടിയേ തീരൂ"

കാറു മുന്നോട്ടോടിച്ചു.

"ഏതാണാ സ്ത്രീ?"

പ്രതീക്ഷിക്കാത്ത ചോദ്യം

"ഏതു സ്ത്രീ?"

മനസ്സിലായില്ലെന്നു നടിച്ചു. നീറുന്ന വേദന മറക്കാൻ ശ്രമിക്കുകയായിരുന്നു. ഒരു കാട്ടാള സ്ത്രീയെപ്പോലെയാണിവൾ പങ്കജത്തോടു പെരുമാറിയതു്. പുറമേയ്ക്കെങ്കിലും ഒന്നു പുഞ്ചിരിയ്ക്കുവാൻ മര്യാദയുടെ പേരിൽഒരൊററവാക്കുച്ചരിക്കാൻകൂട്ടാക്കാത്തവൾ.

"അറിയില്ലേ?"

"ആരേ ?"

"കോവിലിൽവച്ചുകണ്ട സ്ത്രീയെ?"

"കോവിലിൽ നിറയെ സ്ത്രീകളുണ്ടായിരുന്നു"

"പഴയ കൂട്ടുകാരിയുടെ കാര്യമാണു് ഞാൻ ചോദിച്ചതു"

"സിംഗപ്പൂരിൽ എനിക്കു പരിചയക്കാർ പലരുണ്ടു്. നീ പറയുന്നതു് മിസിസ്സു് നമ്പ്യാരെപ്പററിയാണോ?

"മിസിസ് നമ്പ്യാർ, നമ്പ്യാർ പേരിനു മാത്രമായിരുന്നില്ലേ?"

പങ്കജത്തിനെ ദുഷിച്ചു പറയാനുള്ള മുഖവുരയാണു്. അതൊഴിവാക്കണം. താൻ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന സ്ത്രീയെ, തന്നെ കരളിലും കരളായി കരുതിയിരുന്ന ഒരു മനസ്വിനിയെ സ്വഭാവ പരിശുദ്ധി കളഞ്ഞു കുളിച്ചു നടന്ന ഒരു സ്ത്രീ അപവാദം പറയുക. അതുകേട്ടുഅടങ്ങിയിരിക്കാനാവില്ല.സംഭാഷണംഅവസാനിപ്പിക്കണം

"നാം സിങ്കപ്പൂരിൽ ഒരു പുതിയ ജീവിതം ആരംഭിക്കുകയല്ലെ?"

ഒരു കൈകൊണ്ടു അവളുടെ താടി പിടിച്ചുയർത്തി. ആ കണ്ണുകൾ സംഭീതമായരുന്നു. ഭാവസങ്കലനം കൊണ്ടു ഒളി മങ്ങിയ മുഖഭാവം.

"ഞാൻ സൌദാമിനിക്കു വീണ്ടും ഉറപ്പു തരുന്നു. ഞാൻ നിന്നോടു സദാ നീതി പുലർത്തും. മതിയായില്ലേ?"

"മതിയായി പക്ഷേ"

"പിന്നെയും — പക്ഷെയോ?"

"ആ സ്ത്രീയെ നേരിനു നേരിൽ കാണുമ്പോൾ....?"

"നീയൊരു മണ്ടിയാണു്"

മുഖം കുനിഞ്ഞുചെന്നു കാറിൽ ശ്രദ്ധിച്ചു.

അവൾ ദൂരെ നോക്കിയിരുന്നു. മഴ കഴിഞ്ഞു. കാറൊഴിഞ്ഞു കൊണ്ടിരുന്ന ആകാശംപോലെ അവളുടെ മുഖം തെളിഞ്ഞുകൊണ്ടിരുന്നു.

"ആ സ്ത്രീയെ നേരിനു നേരിൽ കാണുമ്പോൾ? സൌദാമിനിയുടെ സംശയം നേരിനു നേരിൽ കണ്ടതല്ലേ?

ഏട്ടൻ ആശുപത്രിയിലായിരുന്നു. പെട്ടെന്നാണു് രോഗം കൂടിയതു്.ഓഫീസിൽ ടെലിഫോണിലറിയിച്ചു. പങ്കജം ആകെത്തളർന്നിരുന്നു. മററാരും അടുത്തു പെരുമാററമില്ല. ബന്ധുക്കളാരും സിംഗപ്പൂരിലില്ല. കടയും കമ്പോളവും പോലും നിശ്ചയമില്ലാത്ത അവൾക്കു ആശുപത്രിയെപ്പററി ഒരു വിവരവുമുണ്ടായിരുന്നില്ല. ആംബുലൻസിനേർപ്പാടു ചെയ്തശേഷം താനോടിച്ചെന്നു. കൊച്ചു കുഞ്ഞിനെയും കൊണ്ടു അവൾക്കുവരാൻ പററില്ല. ഭാരമെല്ലാം താനേറെറടുത്തു. അഡ്മിററ് ചെയ്തു. എട്ടു പത്തുദിവസം കിടക്കണം. "പങ്കജവും കുട്ടിയും ഒററയ്ക്കേയുള്ളു. ആശുപത്രിയിൽ നിന്നു മടങ്ങാൻ കാലത്തു ഏട്ടൻ പറഞ്ഞു.

"വൈകിട്ട് കുട്ടികൊണ്ടു വരാം."

"അതു പോരാ. രാത്രിയിലും വീട്ടിൽ മററാരുമുണ്ടാവില്ല."

"പണിക്കാരത്തിയെ ഏർപ്പാട്ട ചെയ്യാം!"

"അതറിയില്ലേ? അവൾ മതിയാക്കിപ്പോയി. വേറെ ആള വേണ്ടെന്നു പങ്കജം ശാഠ്യം പിടിച്ചു."

"വേറെ ആരെയെങ്കിലും..."

"കുറച്ചു അസൌകര്യം ണ്ടാവും ങ്കിലും രാധാകൃഷ്ണനു വിരോധമില്ലെന്നച്ചാൽ..."

ആദ്യം ആ വീട്ടിൽ രാവുറങ്ങാനുറച്ചു. മനസ്സിനാകെ ഒരു തണുപ്പില്ലായ്മ. പലപ്പോഴും അവിടെ അത്താഴം കഴിഞ്ഞിട്ടുണ്ട്. പാതിരാവരെ പങ്കജത്തോടൊപ്പം വർത്തമാനം പറഞ്ഞിരുന്നിട്ടുണ്ട്. സംസാരിക്കുന്ന വിഷയങ്ങൾക്കോ ഉപയോഗിക്കുന്ന ഭാഷയ്ക്കോ പ്രത്യേക വരമ്പുകളുണ്ടായിരുന്നില്ല. പക്ഷെ ഒരു ബലത്ത വേലി ഉണ്ടായിരുന്നു. അകത്തു വായനയിൽ മുഴുകി കിടക്കുന്ന ഏട്ടൻ, ചിലപ്പോൾ നല്ല ഉറക്കമായിരിക്കും. പക്ഷെ അതൊരു വേലിയായിരുന്നു.

ഇപ്പോൾ ഘോരവനത്തിനുള്ളിലാണെന്ന തോന്നൽ. ക്രൂരമൃഗം പതിയിരിപ്പുണ്ടെന്ന പേടി.

"കുളിക്കാൻ ചൂടുവെള്ളം..."

പങ്കജത്തിൻെറ ശബ്ദം കേട്ടു ഞെട്ടിയുണർന്നു. അന്നു പങ്കജമെന്നു വിളിക്കാറുണ്ടായിരുന്നില്ല. പരസ്പരം പേരു വിളിക്കാതെ സംസാരിക്കയായിരുന്നു പതിവ്. മററുള്ളവരുടെ മുന്നിൽ മിസ്സിസ്സ് നമ്പ്യാർ. മിസ്റ്റർ രാധാകൃഷ്ണനും.

"പച്ചവെള്ളമാണ് പതിവ്."

തലയുയർത്താതെ മറുപടി പറഞ്ഞു.

"കുളിമുറിയിൽ ഒക്കെയും ഒരുക്കിവെച്ചിട്ടുണ്ട്."

കുളിമുറിയിൽ കടന്നതുമുതൽ ഒരു പന്തിയില്ലായ്മ. കതകടച്ചു തഴുതിട്ടിട്ടുണ്ടെങ്കിലും തൻെറ നഗ്നത പലരും നോക്കിനിൽക്കയാണെന്ന തോന്നൽ. മുറിക്കകത്തു താൻ മാത്രമല്ല. പങ്കജം ഒപ്പമുണ്ട്. നൂൽ ബന്ധമില്ലാതെ. അവൾ ആനന്ദം കൊണ്ടു തിമിർക്കുകയാണ്. ഷവറിൽനിന്ന ശക്തിയോടെ ഊരി വീഴുന്ന ജലധാരകൾ തൻെറ മുഖത്തു തെറ്റിക്കുകയാണ്. കൈയെടുത്തു കണ്ണുപൊത്തി. അവളുടെ നഗ്നത കാണാതിരിക്കാൻ വേണ്ടി.

"ഞാനും ഇരുന്നോട്ടെ?"

ഊണു വിളമ്പി എല്ലാം മേശപ്പുറത്തൊരുക്കി വച്ചിട്ടു അവൾ ചോദിച്ചു,

"അതിനെന്താ വിരോധം?"

"നാട്ടുകാരെ കാണുകേം മററും ല്ലല്ലോ."

"ഞാനിവിടെ സ്ഥിരം ഊണുകാരനല്ലേ?"

"അന്നൊന്നും ഒപ്പമിരുന്നുണ്ണാൻ തോന്നീട്ടില്ല."

"ഇന്നിപ്പോൾ?"

"അങ്ങനൊരു മോഹം അത്രതന്നെ."

"മിസ്സിസ്സ് നമ്പ്യാർ..."

"എത്ര കാലായിപ്പറേണു എനിക്കീ സ്ഥാനപ്പേരു ഇഷ്ടല്യാന്ന്."

സംഭാഷണം നീട്ടാൻ കൌതുകം തോന്നിയില്ല, 'പങ്കജം' എന്നു മാത്രമേ വിളിക്കു എന്നു പ്രതിജ്ഞ ചെയ്തു.

"മുഷ്ടാന്നം എന്നു പറയില്ലേ?ഇന്നാണതു ഞാൻ അനുഭവിച്ചറിഞ്ഞതു്."

ഊണു കഴിഞ്ഞെഴുന്നേററപ്പോൾ അവൾ പറഞ്ഞു. അതിന്റെ പൊരുളെന്തെന്നു മനസ്സിലായെങ്കിലും ഒന്നും പറയാതെ എഴുനേററു കൈ കഴുകി. പെട്ടെന്നു തനിക്കുവേണ്ടി ഒരുക്കിയിരുന്ന കിടപ്പുമുറിയിലേക്കു പോയി. മനസ്സു നിറയെ ചിന്തകളായിരുന്നു ഒരു യഥാത്ഥ സ്നേഹിതന്റെ കടമ. സ്വന്തമായ സ്വഭാവ ഗുണം. സാമൂഹ്യ മര്യാദകൾ അങ്ങനെ ബുദ്ധിപരമായ നൂറു നൂറു നിബന്ധനകൾ. മറുവശത്തു മനുഷ്യന്റെ വൈകാരിക ചിന്താ മണ്ഡലം. വിശാലമായ ആ പൂന്താവിൽ വീശിക്കൊണ്ടിരിക്കുന്നകുളിർ കാററ്. അതിൽ പാറിപ്പറന്നു വരുന്ന സുഗന്ധം. യുവതിയും തനിക്കനുരൂപമായ പങ്കജം. അവളുടെ സൌന്ദര്യം. പൂവണിഞ്ഞു നിൽക്കുന്ന യൌവനം. മാടിവിളിക്കുന്നമാദകത്വം. കൈ തൊടിച്ചാൽ......"

കൊതുകിന്റെ ശല്യംണ്ടു്. വല അഴിച്ചിട്ടോളൂ.

അവൾ കട്ടിലിനരികിൽ. താൻ ചാടിയെഴുന്നേററു. അവൾ കണ്ണുകളിൽ തറപ്പിച്ചു നോക്കി. തെല്ലിട മാത്രം പിന്നെ തിരിഞ്ഞിറങ്ങിപ്പോയി. കതകു പിടിച്ചടച്ചുകൊണ്ടു്.

അങ്ങനെ എത്രയെത്ര രംഗങ്ങൾ! പക്ഷേ സന്മാർഗ്ഗബോധം. അതിർ വരമ്പിൽ കയറി നിന്നിട്ടുണ്ടു്. മറുവശം ചാടിട്ടില്ല. എന്നിട്ടും അപവാദം. വിവാഹം കഴിഞ്ഞു വളരെനാൾ പ്രസവിക്കാതിരുന്ന പങ്കജം ഒരു ആൺകുട്ടിയെ പ്രസവിച്ചതോടുകൂടി നാടാകെ പാട്ടായി. പുറത്തു തലനീട്ടാനാവാത്ത അവസ്ഥ വന്നു ചേർന്നു.

മുന്നിൽ പോയിരുന്ന കാർ പെട്ടെന്നു ബ്രേക്കിട്ടു. ട്രാഫിക്ക് ലൈററു് ചുവപ്പായിരുന്നു. താനറിഞ്ഞില്ല. പിടഞ്ഞടിച്ചു ബ്രേക്കിട്ടെങ്കിലുംമുമ്പിലുണ്ടായിരുന്നകാറിൽ ഒന്നുരസി. ഡ്രൈവർ ഇറങ്ങി നോക്കി. താൻ സോറി പറഞ്ഞപ്പോൾ അയാൾ സമാധാനിച്ചു. ലൈററ് പച്ചയായി മാറിയപ്പോൾ കാറു മുന്നോട്ടോടി.

"കണ്ണും കരളും വല്ല ദിക്കിലുമാണെങ്കിൽ കാറോട്ടരുതു്"

സൌദാമിനിയുടെ സ്വരം കർക്കശമായിരുന്നില്ല. കാറിനകത്തുവെച്ചു ശണ്ഠകൂടരുതെന്നു കരുതീട്ടാവണം.

ശ്രദ്ധയില്ലാതെ കാറോടിച്ചതിനു അവളോടും സോറി പറഞ്ഞു. മനസ്സിലെ ചിന്തകൾ മുറിഞ്ഞുപോയി. കാറിന്റെ ബാലൻസ് നേരെയായപ്പോൾ മുറിഞ്ഞ ചിന്തകൾ തുടരുകയായി.

നിർമ്മലയായ ഒരു സ്ത്രീ. അവളെ അപവാദം വീർപ്പുമുട്ടിക്കുക. താൻ അതിനു ഹേതുഭൂതൻ. പൊറുതി നിൽക്കാൻ കരുത്തുണ്ടായിരുന്നില്ല. സിംഗപ്പൂർ വിട്ടോടിപ്പോയി. പങ്കജത്തിനോടു യാത്രപോലും പറയാതെ.

"ബസ്സ് സ്റ്റോപ്പാണു്. സൂക്ഷിച്ചോടിക്കൂ."

സൌദാമിനി ഡ്രൈവിങ്ങിൽ തന്നെ ശ്രദ്ധിച്ചിരിക്കുകയായിരുന്നു. കാർ സ്ലോ ഡൌൺ ചെയ്തു. മുന്നിൽ ഇടതു വശത്തു ബസ്സ് സ്റ്റോപ്പ്. ആളുകൾ കൂടി നിൽക്കുന്നു. പങ്കജവും അപ്പോഴും കാത്തുനിൽക്കുകയാണു്. ബസ്സ് കിട്ടീട്ടില്ല. സന്ധ്യയല്ലേ? വളരെ തെരക്കുള്ള നേരം. ഒരു ലിഫ്ററുകൊടുക്കാം. ബസ്സ് സ്റ്റോപ്പിനുനേരെയെത്തിയപ്പോൾ ഹോണടിച്ചു. പങ്കജം മുഖമുയർത്തി നോക്കി. കാറു മുന്നോട്ടൊഴിച്ചു നിറുത്തി. അവൾ ഓടിവരികയായിരുന്നു.

"എന്നാൽ എന്നെ ഇവിടെ ഇറക്കിവിടു"

എല്ലാം വീക്ഷിച്ചുകൊണ്ടിരുന്ന സൌദാമിനി അലറി.ആക്സിലേററിൽ കാലമർന്നു. റോഡ് ക്ലിയറായിരുന്നു.

# നമ്മുടെ മുഖം

**സിംഗപ്പൂർ കേരളാ അസ്സോസിയേഷനു് അറുപത്തിമൂന്നു് വയസ്സായി. സിംഗപ്പൂർ മലയാളിയുടെ വ്യക്തിപ്രാഭവത്തിന്റെ പ്രതീകമായി ഉയരാൻ നമ്മുടെ ഈ പ്രമുഖ സംഘടനയ്ക്കു് കഴിഞ്ഞുവോ?**




a day:

"Looking for a fitness program that's fast, easy and gets results right away?", asks fitness expert, Bob Breton. "Bullworker puts it all together. In just 5 minutes a day you can give your body a complete fitness workout: shoulders, back, arms, chest, abdominals, legs — plus important heart and circulatory training, as well."

IT'S FAST: each exercise take


ഓരോ വർഷവും സിംഗപ്പൂർ കേരളാ അസ്സോസിയേഷന്റെ പ്രവർത്തന ഗതി കാണുമ്പോൾ ഈ പുരാതന ഐറിഷ് തമാശയാണു് എനിക്കോർമ്മ വരിക. ആരൊക്കെ യോജിക്കുകയോ വിയോജിക്കുകയോ ചെയ്യട്ടെ, ഏതൊരു നിഷ്പക്ഷ നിരീക്ഷകനും ചെന്നെത്തുന്ന നിഗമനമിതായിരിക്കും:–

സിംഗപ്പൂർ കേരളാ അസ്സോസിയേഷൻ എന്തിനുവേണ്ടി നിലകൊള്ളുന്നുവോ ആ ലക്ഷ്യത്തിലേയ്ക്കാണു് വർഷംതോറും കടന്നുവരുന്ന പ്രവർത്തകസമിതികൾ ദൃഷ്ടിയുറപ്പിച്ചിരുന്നതെങ്കിൽ അവയുടെ പ്രവർത്തനഗതി നാം കണ്ടുവരുന്ന രീതിയിലായിരുന്നിരിക്കില്ല.

## പ്രവർത്തനവ്യഗ്രത

ഏതെങ്കിലും ചില പ്രവർത്തക സമിതികളുടെ മാത്രം കഥയല്ലിതു്. കേരളാ അസ്സോസിയേഷന്റെ ചരിത്രത്തിൽ ആധുനിക കാലഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന 1950–കളുടെ തുടക്കം തൊട്ടുള്ള മൂന്നു ദശകക്കാലത്തെ കഥ പൊതുവേ ഇങ്ങനെയൊക്കെത്തന്നെ. ശ്രീ. ജി. എസ്. മുത്തുകൃഷ്ണൻ തൊട്ടു് ഡോക്ടർ എം. ജി. ജോൺ വരെ പന്ത്രണ്ടു് പ്രസിഡന്റുമാരുടെ കീഴിൽ നിലവിൽ വന്ന മുപ്പതു് കമ്മിററികളുടെ പ്രവർത്തനശൈലി സിംഗപ്പൂർ മലയാളി പൊതുജനങ്ങളിൽ ഉളവാക്കിയ അഭിപ്രായം മറ്റൊന്നല്ല.

കേരളാ അസ്സോസിയേഷൻ പ്രവർത്തകസമിതികൾ പ്രവർത്തനവ്യഗ്രത പാലിക്കേണ്ട കാര്യത്തിൽ ഇനിയും അലസതയോ അമാന്തമോ അരുതു്. കേവലം പന്ത്രണ്ടു് മാസക്കാലത്തേയ്ക്കു മാത്രമായി കടന്നുവരുന്ന കമ്മിററികൾ പ്രവർത്തനത്തിനു തിടുക്കം കാണിക്കേണ്ടതിനു പകരം മന്ദഗതിയാണു് പലപ്പോഴും അവലംബിക്കുക. വളരെ ചുരുങ്ങിയ കാലാവധി മാത്രമേ തങ്ങളുടെ മുന്നിലുള്ളു എന്നു തുടക്കം മുതൽക്കേ നിശ്ചയമുണ്ടായിരുന്നിട്ടു കൂടി അവരുടെ പ്രവർത്തനങ്ങളിൽ ധൃതിയോ തിരക്കോ അത്ര കണ്ടു കാണാറില്ല. എന്തേ കാരണം?

തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു് മലയാളി പൊതുജനങ്ങളെ അസ്സോസിയേഷന്റെ പ്രവർത്തനങ്ങളുമായി അടുപ്പിക്കുകയോ അകററുകയോ

ചെയ്യുന്ന സമീപനം കമ്മിററികളിലെ തലപ്പത്തു നിന്നോ മററാരിൽ നിന്നോ ഉണ്ടായാലും അതു് അവർക്കു ഭൂഷണമോ സംഘടനയ്ക്കു് ഗുണകരമോ അല്ല എന്നു ഗ്രഹിക്കാൻ തല പുകഞ്ഞാലോചിക്കേണ്ടതുണ്ടോ?

മലയാളി പൊതുജനത്തിനു് ഈ സംഘടനയോടു് ആഭിമുഖ്യം കുറയാനുണ്ടായ കാരണമെന്താണെന്നോരോരുത്തരും മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു:

അങ്ങനെ ബുദ്ധിപരമായ നൂറു നൂറു നിബന്ധനകൾ. മറുവശത്തു മനുഷ്യന്റെ വൈകാരിക ചിന്താ മണ്ഡലം. വിശാലമായ ആ പൂന്താവിൽ വീശിക്കൊണ്ടിരിക്കുന്ന കുളിർകാററു്. അതിൽ പാറിപ്പറന്നു വരുന്ന സുഗന്ധം. യുവതിയും തനിക്കനുരൂപമായ പങ്കജം. അവളുടെ സൌന്ദര്യം. പൂവണിഞ്ഞു നിൽക്കുന്ന യൌവനം. മാടിവിളിക്കുന്നമാദകത്വം. കൈ ഞൊടിച്ചാൽ......"

കൊതുകിന്റെ ശല്യംണ്ടു്. വല അഴിച്ചിട്ടോളൂ.

ആർക്കും ഉത്തേജനം [illegible] അവർ കണ്ടുപർത്ത[illegible]ളിൽ ഊർജ്ജസ്വലതയും കമ്മിററി യോഗങ്ങളിലെയും പൊതുയോഗങ്ങളിലെയും ചർച്ചകളിൽ കാര്യപ്രസക്തിയും കൈവരും. സംഘടനയുടെ വളർച്ച അവിടെനിന്നായിരിക്കും ആരംഭിക്കുക.

സംഘടന വേണ്ടപോലെ വളർന്നിട്ടില്ല എന്ന നിഗമനത്തോടു് യോജിക്കാത്ത ആരെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അവരോടു് ഒന്നു ചോദിക്കട്ടെ: സിംഗപ്പൂർ കേരളാ അസ്സോസിയേഷനു് അറുപത്തിമൂന്നു് വയസ്സായി. സിംഗപ്പൂർ മലയാളിയുടെ വ്യക്തിപ്രാഭവത്തിന്റെ പ്രതീകമായി ഉയരാൻ നമ്മുടെഈപ്രമുഖസംഘടനയ്ക്കു കഴിഞ്ഞുവോ?

ഈ ചോദ്യം സിംഗപ്പൂർ കേരളാ അസോസിയേഷന്റെ മുൻ കമ്മിററികളിലുണ്ടായിരുന്ന എല്ലാവരേയും തുറിച്ചുനോക്കുകയല്ലേ? ഇപ്പോൾ സിംഗപ്പൂരിലുള്ള എല്ലാ മുൻ പ്രസിഡന്റുമാരും എല്ലാ മുൻ കമ്മിററി പ്രവർത്തകരും ഈ ചോദ്യത്തിനു് സ്വയം ഉത്തരം കണ്ടെത്തട്ടെ!


# ACKNOWLEDGEMENTS

***The President and Executive Committee of Singapore Kerala Association extend their heartfelt thanks to Dr. Lee Chiaw Meng, Member of Parliament for Farrer Park and Chairman of National Productivity Board, His Excellency the High Commissioner for India in Singapore Mr. B. M. Oza, Straits Times, New Nation Malaysia Malayalee, Tamil Murasu, All Advertisers and to All those who have helped us in one way or another to make this function a success.***

# For fitness and muscles: Bullworker puts it together




## in only 5 minutes a day:

"Looking for a fitness program that's fast, easy and gets results right away?", asks fitness expert, Bob Breton. "Bullworker puts it all together. In just 5 minutes a day you can give your body a complete fitness workout: shoulders, back, arms, chest, abdominals, legs — plus important heart and circulatory training, as well."

**IT'S FAST:** each exercise takes only 7 seconds once a day.
**IT'S EASY:** any man between 15 and 65 in good general health can run through the whole program without getting tired. You see your progress right from the very first day of the built-in Powermeter gauge. After 2 to 3 weeks of training, most men can expect to measure an extra inch or two of muscle on their shoulders, chest and biceps- and an inch or two less flab around the middle.

And that's just the start: there are specialized exercises for building-up or trimming down any part of your body you want to. What's more, since Bullworker training is progressive, you preform better each time. Yet the training always seems easy since with every workout your strength increases by about 1% — that's an increase of up to 50% in the first three months. "I earn my living by keeping executives in top shape," says Bob. "My customers want results and they want them fast. I recommend Bullworker for one reason only: because it's the most advanced fitness trainer on the market and you better believe it.

Use the Bullworker in your own home FREE FOR 14 DAYS. See and feel that results we've promised. You also get an easy-to-follow wall chart and a 24-page manual in full colour! YOU can be the fit man, the one that stands out in a crowd. YOU can be the man who wears his clothes well, radiates energy and a zest for living! Regular exercise helps to relieve the tensions and stress of modern life, and the FIT man is more relaxed. YOU CAN BE THAT FIT MAN. YOU CAN have super self-confidence. Get back into shape now with Bullworker — the no-nonsense way to build a dynamic muscle-packed body FAST. Get it today! FILL IN THE FREE TRIAL COUPON NOW!

SEE YOUR STRENGTH
**G-R-O-W-I-N-G**
DAY BY DAY ON
THE BUILT-IN
**POWERMETER**



© Bullworker Service

## FREE 14-DAY HOME TRIAL COUPON

**FREE!**
This custom-made BULLWORKER CARRYING CASE Worth **$30** FREE!



If you send in your order within 7 days.




**Bullworker Service, G6 World Trade Centre, Maritime Square, Singapore 0409 Tel: 2730782**
Yes, please rush me the Bullworker for a 2-week free trial. If after 14 days I am not satisfied, I may return the Bullworker to you for a full & complete refund. (Please tick box of your choice).

**CASH TERMS**

☐ I make immediate cash payment of only $79. (Save 42% over H/P price). I enclose $79.

☐ Send Bullworker by COD. I will pay post office $79. I now enclose $5 COD charge & postage.

(see below for instalment terms)

Name .................................... IC No ............ Age ......

Address ..........................................................

Company .................................... Co Tel. ............

Occupation .................................... Signature ............
(If under 21 parent must sign)

906 M/I

**INSTALMENT TERMS**

**PLAN A** ☐ I enclose deposit of $39. I promise to pay balance in 4 consecutive monthly instalments of $15 each.
**PLAN A** ☐ Send Bullworker by COD. I will pay deposit of $39 to postoffice. I promise to pay balance in 4 consecutive monthly instalments of $15 each. I now enclose $8 COD charge & postage.
**PLAN B** ☐ I enclose deposit of $16 plus $5 postage (total $21). I promise to pay balance in 10 consecutive monthly instalments of $12.50 each.

Malaysian Sales Tax Excluded

എല്ലാ സുഹൃത്തുക്കൾക്കും ഞങ്ങളുടെ

തിരുവോണാശംസകൾ

# BEST WISHES FOR ONAM 1980

## FROM

## PARLE (S) PTE LTD

1E-2E, BLOCK 2, DEPOT ROAD

TELOK BLANGAH INDUSTRIAL ESTATE

SINGAPORE 0410

TEL: 2720490 CABLE: THUMSUP

TELEX: RS 36019 PARLE